
emalayalee.com
# The Weekly
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

ST. THOMAS SYRO MALABAR EPARCHY OF CHICAGO - USA
2001 2026
WE WALK BY FAITH, NOT BY SIGHT

ST THOMAS SYRO-MALABAR
CATHOLIC EPARCHY
CHICAGO



SILVER JUBILEE
CELEBRATIONS & CONVENTION - 2026

# സീറോ മലബാർ രൂപതയ്ക്ക്
# ജൂബിലി മംഗളം
## കൺവൻഷനു വ്യാഴാഴ്ച തുടക്കം




MALABAR
GOLD & DIAMONDS
NOW OPEN
IN
SANTA
CLARA
Town Centre
2046 El Camino Real,
Santa Clara, CA, 95050

# ഷിക്കാഗോ സീറോ മലബാർ രൂപത രജതജൂബിലി കൺവൻഷൻ ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ: മാർ ജോയ് ആലപ്പാട്ട്




ഷിക്കാഗോ: ഇന്ത്യക്ക് പുറത്ത് സ്ഥാപിതമായ ആദ്യ സീറോ മലബാർ രൂപതയായ ഷിക്കാഗോ സെന്റ് തോമസ് രൂപതയുടെ ഒരു വർഷം നീണ്ടുനിന്ന സിൽവർ ജൂബിലി ആഘോഷങ്ങൾ ജൂലൈ 9 മുതൽ 12 വരെ നടക്കുന്ന ബൃഹത്തായ കൺവൻഷനോടെ സമാപിക്കുകയാണെന്ന് രൂപത അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് പത്ര സമ്മേളനത്തിൽ അറിയിച്ചു. കൺവൻഷന്റെ വിജയത്തിനുവേണ്ട എല്ലാ ഒരുക്കങ്ങളും അസാനഘട്ടത്തിലാണെന്നും അദ്ദേഹം വ്യക്തമാക്കി.

ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ( ഐ. പി. സി.എൻ.എ) ഷിക്കാഗോ ചാപ്റ്ററിന്റെ നേതൃത്വത്തിൽ നടത്തിയ മാധ്യമ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ബിഷപ്പ്. അമേരിക്കയിലെ തന്നെ പ്രസിദ്ധമായ ഷിക്കാഗോ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ നടക്കുന്ന സമ്മേളനത്തിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി മൂവായിരത്തിലേറെ പ്രതിനിധികൾ പങ്കെടുക്കും. കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സീറോ മലബാർ സഭയുടെ ആത്മീയ നേതാക്കളും കൺവൻഷനിൽ എത്തിച്ചേരുമെന്നും മാർ ആലപ്പാട്ട് അറിയിച്ചു.

2001 മാർച്ച് 13നു, സ്വർഗീയനായ ജോൺ പോൾ രണ്ടാമൻ

മാർപാപ്പയാൽ സ്ഥാപിതമായ ഷിക്കാഗോ രൂപത ഇരുപത്തഞ്ചു വർഷംകൊണ്ട് അഭൂതപൂർവമായ വളർച്ചയാണ് കൈവരിച്ചത്. രൂപതയുടെ കീഴിൽ ഇപ്പോൾ പതിനാല് ഫൊറോനകളിലായി, അമ്പത്തിനാല് ഇടവകകളും മുപ്പത്തിമൂന്ന് മിഷൻ സെൻററുകളും, എഴുപതിനായിരത്തോളം വിശ്വാസികളും, എഴുപതിൽപരം വൈദികരുമുണ്ട്. അതുപോലെ 12000-ൽ ഏറെ കുട്ടികൾ ഈ രൂപതയ്ക്കു കീഴിൽ വിശ്വാസ പരിശീലനവും നടത്തിവരുന്നു.

ജൂലൈ 9,10,11,12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് കൺവൻഷൻ. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകജൂബിലിയും ആഘോഷിക്കുന്നു.

ജൂലൈ 9 വ്യാഴാഴ്ച വൈകിട്ട് 3.30ന് മാർ ജേക്കബ് അങ്ങാടിയത്തിന്റെ കാർമികത്വത്തിൽ നടക്കുന്ന കുർബാനയോടെ കൺവൻഷൻ ആരംഭിക്കും. തുടർന്നു നടക്കുന്ന പൊതു സമ്മേളനം സീറോ മലബാർ സഭ അധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യും. കർദിനാൾ മാർ ജോർജ് കൂവക്കാട്ട്, ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ, കൊളംബസ് ബിഷപ്പ് മാർ ഏൾ ഫെർണാണ്ടസ്, സിറോ മലങ്കര സഭ ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും.




ഒരു വർഷം നീണ്ടുനിന്ന ജൂബിലി ആഘോഷങ്ങൾ തികച്ചും ബൈബിൾ അധിഷ്ഠിതമായ ആശയങ്ങൾ കൊണ്ടാണ് വിഭാവനം ചെയ്തത്. 'ബാഹ്യമായ കണ്ണുകൾ കൊണ്ടല്ല, വിശ്വാസത്താലാണ് ഞങ്ങൾ സഞ്ചരിക്കുന്നത്' എന്ന ബൈബിൾ വാക്യമാണ് കൺവൻഷന്റെ പ്രധാന തീം. രൂപതയുടെ രൂപീകരണത്തിനും വളർച്ചക്കും വേണ്ടി വിശ്വാസത്തോടെ പ്രാർഥിക്കുകയും പ്രയത്നിക്കുകയും ചെയ്ത എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കാനും തുടർന്നുള്ള പ്രവർത്തനങ്ങൾ വിശ്വാ

സത്തിലൂന്നി ആവിഷ്കരിക്കാനും ഈ അവസരം ഉപയോഗിക്കുമെന്ന് ബിഷപ്പ് പറഞ്ഞു. അത്മായരുടെ പ്രാർഥനയുടേയും പ്രയത്നത്തിന്റേയും സഹകരണത്തിന്റേയും ഫലമാണ് ഇന്ന് അമേരിക്കയിലുള്ള സീറോ മലബാർ ഇടവകകൾ. രൂപതയെ മുന്നോട്ടു നയിക്കുന്നത് ഈ അത്മായ കൂട്ടായ്മയുടെ കഠിനാധ്വാനമാണെന്നും ബിഷപ്പ് ആലപ്പാട്ട് ഊന്നിപ്പറഞ്ഞു.

ബിജി സി. മാണി (കൺവൻഷൻ ചെയർമാൻ) - ഇത് സീറോമലബാർ സഭ ഷിക്കാഗോ രൂപതയുടെ രജത ജൂബിലി കൺവൻഷനാണ്. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മൂവായിരത്തിലേറെ പേർ കൺവൻഷനിൽ പങ്കെടുക്കും. നിരവധി സാംസ്കാരിക പരിപാടികൾ കൺവൻഷനിൽ എത്തുന്നവരെ കാത്തിരിക്കുന്നു. പ്രശസ്ത സിനിമാ താരം ജയറാം, പാർവതി, മകൻ കാളിദാസ് എന്നിവർ ഉദ്ഘാടന ദിവസം എത്തിച്ചേരും. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 150 ചെണ്ട കലാകാരന്മാർ അണിനിരക്കുന്ന മേള വിസ്മയം കൺവൻഷൻ ഉദ്ഘാടനത്തിന് മാറ്റു കൂട്ടും. സ്റ്റീഫൻ ദേവസി, ബിജു നാരായണൻ എന്നീ കലാകാരന്മാർ അണിനിരക്കുന്ന സംഗീത വിരുന്നും പരിപാടിയുടെ ഭാഗമായിട്ടുണ്ട്. കൂടാതെ 200 വനിതകൾ അണിനിരക്കുന്ന മെഗാ മാർഗം കളിയും വേദിയെ ധന്യമാക്കും.

റവ. ഫാ. ജോൺ മേലേപ്പുറം (ജൂബിലി കമ്മിറ്റി കൺവീനർ) - ഷിക്കാഗോ രൂപതയുടെ പ്രവർത്തനം മറ്റ് പ്രവാസി രൂപതകൾക്ക് മാതൃകയും പ്രചോദനവുമാണ്. 2001ൽ വെറും 3 ഇടവകകളുമായി ആരംഭിച്ച ഷിക്കാഗോ രൂപതക്ക് ഇന്ന് 54 ഇടവകകളും 33 മിഷൻ സെന്ററുകളുമുണ്ട്. ഏറ്റവും ശക്തമായ പ്രവാസി മലയാളി സമൂഹം ഉള്ളത് അമേരിക്കയിലാണ്. ഇവിടുത്തെ പ്രവർത്തനങ്ങളാണ് കാനഡ, ഓസ്ട്രേലിയ, ഇംഗ്ളണ്ട് തുടങ്ങി മറ്റ് യൂറോപ്യൻ രാജ്യങ്ങളിലെ രൂപതകൾക്കും മാതൃക.

റവ. ഫാ. തോമസ് കടുകപ്പിള്ളിൽ (കൺവൻഷൻ കൺവീനർ) - ഈ കൺവൻഷന്റെ പ്രത്യേകത ഇതിനു മുന്നിൽ








നിൽക്കുന്നത് യുവജനങ്ങളാണ് എന്നതാണ്. ഈ രൂപത മുന്നോട്ടു പോകണമെങ്കിൽ ഇവിടുത്തെ യുവാക്കളും കുട്ടികളും സഭയെ കുറിച്ചും സീറോമലബാർ സഭയുടെ ആവശ്യങ്ങളെ കുറിച്ചും ബോധ്യമുള്ളവരാകണം. ആ ഒരു അറിവിലേക്ക് ഉതകുന്ന തലത്തിലേക്കാണ് യുവാക്കളെ നേതൃത്വം ഏൽപ്പിച്ചത്. അതുകൊണ്ടു തന്നെ യുവജനങ്ങളുടെ ആഗ്രഹം അനുസരിച്ചുള്ള പരിപാടികളാണ് കൺവൻഷനിൽ അധികവും ഉൾപ്പെടുത്തിയിരിക്കുന്നത്. രൂപതയുടെ മുന്നോട്ടുള്ള പോക്കിന് യുവാക്കളും കുട്ടികളും മുന്നോട്ടു വരണം എന്ന കരുതലോടെയാണ് എല്ലാം വിഭാവനം ചെയ്തിരിക്കുന്നത്. പൗരാണിക ജറുസലേം അന്തരീക്ഷം പുന:സൃഷ്ടിക്കുന്ന അറുപതിലധികം കലാകാരൻമാർ ചേർന്നൊരുക്കുന്ന 'ജറുസലേം' എന്ന മനോഹര ദൃശ്യവിരുന്ന് കൺവൻഷനിൽ അരങ്ങേറും. ഇതിൽ പകുതിയോളം കലാകാരൻമാർ അമേരിക്കക്കാരാണ് എന്ന പ്രത്യേകതയും ഉണ്ട്.

ജോസഫ് ചാമക്കാല (ജൂബിലി കമ്മിറ്റി ചെയർമാൻ) - ഒരു വർഷത്തെ ആഘോഷ പരിപാടികളിൽ ആത്മീയവും സാമൂഹികവും സാംസ്കാരികവും വികസനോൻമുഖവുമായ ധാരാളം കാര്യങ്ങൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആത്മീയ കാര്യങ്ങൾക്ക് തുടക്കമിട്ടുകൊണ്ട് മേയ്മാസത്തിൽ ന്യൂജേഴ്സിയിൽ വിശുദ്ധകുർബാനയുടെ പ്രദക്ഷിണം നടത്തുകയുണ്ടായി. തുടർന്ന് യുഎസിലെ വൈദികരുടെ സംഗമം ഫ്ളോറിഡയിലും കന്യാസ്ത്രീകളുടെ സംഗമം ഷിക്കാഗോയിലും നടത്തി. രൂപതക്കായി ഒരു പാസ്റ്ററൽ സെന്ററും മൈനർ സെമിനാരിയും നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ 10 ഏക്കർ ഭൂമി വാങ്ങാൻ ഈ ജൂബിലി വർഷത്തിൽ സാധിച്ചു.

ആൻഡ്രൂ തോമസ് (ഫൈനാൻസ് കമ്മിറ്റി ചെയർമാൻ) - കൺവൻഷൻ ഏറ്റവും മനോഹരമായി നടത്താനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായിട്ടുണ്ട്. അതിനായി രജിസ്ട്രേഷൻ വഴി കുറേ പണം സമാഹരിക്കാനായി. കൂടാതെ നിരവധി സ്പോൺസർഷിപ്പുകളും ലഭിച്ചിട്ടുണ്ട്. കൺവൻഷൻ എക്സ്ക്ലൂസിവായി സ്പോൺസർ ചെയ്തിരിക്കുന്നവരെ പ്രത്യേകം പരാമർശിക്കട്ടെ - ജിബി പാറക്കൽ ( സിഇഒ, പിഎസ്ജി ഗ്രൂപ്പ് ഓഫ് കമ്പനീസ്), ഫെബിൻ മുത്തേഴിൽ (സിഇഒ, എനെർജെറ്റിവ്), ജോർജ് & ഷീല മാളിയേക്കൽ (ഹോളിസ്റ്റർ ഇന്റർനാഷണൽ) എന്നിവരാണ് അവർ. ഒരു മില്യൺ ഡോളറിലധികം തുക സ്പോൺസർഷിപ്പായി തന്നെ ലഭിച്ചിട്ടുണ്ട്.

ജോണി വടക്കുംചേരി (ഫെസിലിറ്റി ചെയർമാൻ) - ഷിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലാണല്ലോ പരിപാടി നടക്കുന്നത്. അതിനു സമീപമുള്ള മാരിയറ്റ് മാർക്വിസ്, ഹിൽട്ടൺ, ഹയാത്ത് റീജൻസി എന്നീ ഹോട്ടലുകളിലാണ് താമസസൗകര്യം ഒരുക്കിയിരിക്കുന്നത്. എല്ലാ പ്രായത്തിൽപ്പെട്ട ആളുകൾക്കും ആസ്വദിക്കാവുന്ന ഭക്ഷണവും താമസ സൗകര്യവുമാണ് ഒരുക്കിയിരിക്കുന്നത്. എല്ലാ സൗകര്യങ്ങളും ലോകോത്തരനിലവാരത്തിലുള്ളതാണ്. കൺവൻഷൻ സെന്ററിൽ പാർക്കിങ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിമാനത്താവളത്തിൽ നിന്ന് ഹോട്ടലുകളിലേക്ക് ഷട്ടിൽ സർവീസും ഏർപ്പെടുത്തിയിട്ടുണ്ട്.

ഫാ. മെൽവിൻ പോൾ (കൺവൻഷൻ യൂത്ത് കൺവീനർ) - രൂപതയ്ക്ക് കരുത്തു പകരുന്ന യുവജനങ്ങളെ ലക്ഷ്യമാക്കി




വൈവിധ്യമാർന്ന സെമിനാറുകളും, പ്രോഗ്രാമുകളും കൺവൻഷന്റെ ഭാഗമായി ഒരുക്കുന്നുണ്ട്.

സജി വർഗീസ് കാവാലം (മീഡിയ, പബ്ളിസിറ്റി ചെയർ) - ലോകത്തുള്ള എല്ലാവരേയും എല്ലാ കൺവൻഷൻ വിശേഷങ്ങളും അറിയിക്കാനുള്ള സംവിധാനം ഞങ്ങൾ ഒരുക്കിയിട്ടുണ്ട്. ഏകദേശം 30 പേരുള്ള ഒരു മീഡിയ ടീം ഇപ്പോൾ തന്നെ സജ്ജമാണ്. സോഷ്യൽ മീഡിയ ടീം, 9 റിപ്പോർട്ടർമാർ, വിഡിയോ - ഫോട്ടോ ക്രിയേഷൻ ടീം ഇപ്പോൾതന്നെ പ്രവർത്തിക്കുന്നു. കൂടാതെ കേരളത്തിലെ പല മെയിൻ സ്ട്രീം മീഡിയ ചാനലുകളും കൺവൻഷന്റെ മീഡിയ പാർട്നേഴ്സ് ആയിട്ടുണ്ട്. ഏകദേശം നാൽപതോളം മീഡിയകളുടെ റിപ്പോർട്ടർമാർ കൺവൻഷൻ വേദിയിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ബീന വള്ളിക്കളം (സെക്രട്ടറി) - ഈ കൺവൻഷന്റെ വിജയത്തിനായി ഏതാണ്ട് 60 കമ്മിറ്റികളിലായി 250 സന്നദ്ധപ്രവർത്തകർ അഹോരാത്രം പ്രവർത്തിക്കുന്നുണ്ട്. ഈ പരിപാടിക്കായി രജിസ്റ്റർ ചെയ്ത എല്ലാവരേയും വൊളന്റീയേഴ്സ് ആയാണ് പരിഗണിക്കുന്നത്. എല്ലാ പള്ളികളിലും നിന്നുള്ള 4 പേർ ഈ കമ്മിറ്റിയുടെ ഭാഗമാണ്. ഏതാണ്ട് ഒന്നര വർഷമായി നിരവധിയായ പ്രവർത്തനങ്ങൾ ഈ കൺവൻഷനായി നടത്തിവരികയാണ്. അതിന്റെ പരിസമാപ്തിക്ക് ഇനി കുറച്ചു ദിവസങ്ങളേയുള്ളു.

ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ (രൂപത പ്രൊക്യൂറേറ്റർ) - ഷിക്കോഗോ രൂപതയുടെ എട്ടാമത്തെ കൺവൻഷനാണ് നടക്കാൻ പോകുന്നത്. ഓരോ കാലഘട്ടത്തിന് യോജിച്ചവിധമായാണ് ഓരോ കൺവൻഷനുകളും വിഭാവനം ചെയ്യപ്പെടുന്നത്. കൂടുതൽ മെച്ചമായ രീതിയിൽ നടത്താനുള്ള പ്രവർത്തനങ്ങൾ ഈ കൺവൻഷനായി ചെയ്തിട്ടുണ്ട്. ഇതൊരു മികച്ച കൺവൻഷനായിരിക്കും എന്നതിൽ ഒരു സംശയവും വേണ്ട.

മാറ്റ് തോമസ് (യൂത്ത് ഇവന്റ് മാനേജ്മെന്റ് കോഡിനേറ്റർ) - യുവാക്കൾക്കായി നിരവധി പരിപാടികളാണ് കൺവൻഷനിൽ കാത്തിരിക്കുന്നത്. പല പ്രായ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും യുവാക്കൾക്കുമായി നിരവധി പരിപാടികളും മൽസരങ്ങളും ഉണ്ട്. ഡാൻസ് കോംപറ്റിഷൻ, ബിസിനസ് മീറ്റ് തുടങ്ങിയ ശ്രദ്ധേയ പരിപാടികളും ഒരുക്കിയിട്ടുണ്ട്. യുവാക്കൾക്കായുള്ള പരിപാടികൾ ഇംഗ്ളിഷിൽ തന്നെയാണ് ഒരുക്കുന്നത്. കൂടാതെ ലീഡർഷിപ്പ് പ്രോഗ്രാമുകൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. യുവാക്കളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മോൺ. ജോൺസൺ കൂവൂർ പുത്തൻപുരയിൽ (രൂപത ചാൻസലർ) - ബിഷപ്പുമാരും വൈദികരും അൽമായരും ചേർന്ന് മുന്നോട്ടു കൊണ്ടുപോകുന്ന ഒരു ആത്മീയ സംരംഭമാണ് ഈ കൺവൻഷൻ.

ആനി മാനാട്ട് (ജോയിന്റ് സെക്രട്ടറി) - കൺവൻഷനിൽ എത്തിച്ചേരുന്ന എല്ലാവരേയും പ്രത്യേകിച്ച് വിശിഷ്ടാതിഥികളെ സ്വീകരിക്കാൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.

നീന ജോർജ് (സ്പോൺസർഷിപ്പ് ഡയറക്ടർ) - വിശ്വാസസമൂഹത്തിന്റെ ഹൃദയപൂർവ്വമായ പിന്തുണയും, സഹകരണവും കൺവൻഷന്റെ വിജയത്തിനായി ലഭിച്ചു.

ഐപിസിഎൻഎ ഷിക്കാഗോ ചാപ്റ്റർ പ്രസിഡന്റ് പ്രസന്നൻ പിള്ള അധ്യക്ഷനായിരുന്നു. ചാപ്റ്റർ സെക്രട്ടറി അലൻ ജോർജ് സ്വാഗതം ആശംസിച്ചു. ജോയിന്റ് സെക്രട്ടറി റോസ് വടകര പരിപാടിയുടെ എംസി ആയിരുന്നു. നാഷണൽ വൈസ് പ്രസിഡന്റ് അനിൽ മറ്റത്തിക്കുന്നേൽ, അഡ്വൈസറി ബോർഡ് അംഗങ്ങളായ ബിജു കിഴക്കേക്കുറ്റ്, ബിജു സഖറിയ, ചാപ്റ്റർ വൈസ് പ്രസിഡന്റ് സാജു കണ്ണമ്പള്ളി, ട്രഷറർ അനിൽ ശ്രീനിവാസൻ, ജോയിന്റ് ട്രഷറർ വർഗീസ് പാലമലയിൽ, ഡൊമിനിക് ചൊള്ളമ്പേൽ എന്നിവർ മാധ്യമ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. എൻആർഐ റിപ്പോർട്ടർ, കേരള വോയിസ്, ഏഷ്യാനെറ്റ്, ഫ്ളവേഴ്സ് ടിവി, കൈരളി ടിവി എന്നീ മാധ്യമങ്ങളുടെ പ്രതിനിധികളും സമ്മേളനത്തിൽ എത്തിയിരുന്നു.


TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# സിജിൽ പാലക്കലോടി സീറോമലബാർ കാത്തലിക് കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി



സീറോ മലബാർ സഭയുടെ ആഗോള അല്മായ സംഘടനയായ സീറോ മലബാർ കാത്തലിക് കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ സെക്രട്ടറിയായി വടക്കേ അമേരിക്കയിൽ നിന്നുള്ള സിജിൽ പാലക്കലോടിയെ നിയമിച്ചതായി ആഗോള സമിതി പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ, സെക്രട്ടറി ജോസുകുട്ടി ഒഴുകയിൽ, ട്രഷറർ ടോണി പുഞ്ചകുന്നേൽ, ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ എന്നിവർ അറിയിച്ചു.

എസ്. എം. സി. സി. യു. എസ്. എ. യുടെ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്ന സിജിൽ നിലവിൽ എസ്. എം. സി. സി. യു. എസ്. എ. യുടെ ബോർഡ് ചെയർ ആയി പ്രവർത്തിക്കുന്നു.

ചിക്കാഗോ രൂപത എപ്പാർക്കിയൽ അസംബ്ലി മെമ്പർ, ഇൻഫന്റ് ജീസസ് സാക്രമെന്റോ ഇടവക ട്രസ്റ്റി, എസ്. എം. സി. സി. ഗ്ലോബൽ വർക്കിംഗ് കമ്മറ്റിയംഗം തുടങ്ങിയ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുള്ള സിജിൽ വിവിധ സാമൂഹിക, സാംസ്കാരിക, കായിക സംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ച വ്യക്തിയാണ്.

അമേരിക്കൻ മലയാളി സംഘടനകളുടെ കേന്ദ്ര സംഘടനയായ ഫോമയുടെ ട്രഷററായി പ്രവർത്തനം നടത്തി വരുന്നു.

S.M.C.C. ഗ്ലോബൽ സമിതിയോടൊപ്പം നിന്ന് എസ്. എം. സി. സി. യു. എസ്. എ ഡയറക്ടർ ഫാ. ജോർജ് എളമ്പാശ്ശേരിൽ, പ്രസിഡണ്ട് ജോർജ് വി. ജോർജ്, സെക്രട്ടറി ഷോളി കുമ്പിളുവേലിൽ, ട്രഷറർ ടോമി തോമസ്, ഗ്ലോബൽ വൈസ് പ്രസിഡണ്ട് ജോർജ് കുട്ടി പുല്ലാപ്പള്ളിൽ, ബോർഡ് സെക്രട്ടറി ജോൺ കല്ലുകാട്ടിൽ, കമ്മിറ്റിയംഗങ്ങൾ എന്നിവർ ആശംസകൾ അറിയിച്ചു.



# അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ 250 വർഷങ്ങൾ!

## കരുത്തിന്റേയും കാവലിന്റേയും രണ്ടര നൂറ്റാണ്ട്



**ഡോ. ജോർജ് എം. കാക്കനാട്**

2026 ജൂലൈ 4-ന് അമേരിക്ക അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ദേശീയ ആഘോഷങ്ങളിലൊന്നിന് സാക്ഷ്യം വഹിക്കുകയാണ് - സ്വാതന്ത്ര്യത്തിന്റെ 250-ാം വാർഷികം അഥവാ 'സെമികിൻസെന്റനിയൽ'. 1776 ജൂലൈ 4-ന് ഫിലഡൽഫിയയിൽ വെച്ച് ചരിത്രപ്രസിദ്ധമായ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ ഒപ്പുവെച്ചതിന്റെ ഓർമ്മപ്പെടുത്തലായ ഈ ദിനം, വെറുമൊരു സാധാരണ സ്വാതന്ത്ര്യദിന ആഘോഷത്തിനപ്പുറം രാജ്യത്തിന്റെ ചരിത്രത്തെയും വർത്തമാനത്തെയും ഭാവിയിലേക്കുള്ള കാഴ്ചപ്പാടുകളെയും അടയാളപ്പെടുത്തുന്ന വിപുലമായ പരിപാടികളോടെയാണ് രാജ്യം മുഴുവൻ കൊണ്ടാടുന്നത്.

ഈ ചരിത്ര മുഹൂർത്തം ആഘോഷമാക്കാൻ അമേരിക്കയിലുടനീളം മാസങ്ങളായി വിപുലമായ ഒരുക്കങ്ങൾ നടന്നുവരികയാണ്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഇത്തവണ രണ്ട് സമാന്തര ദേശീയ കാമ്പെയ്നുകൾ, നൂറുകണക്കിന് സ്മരണാർത്ഥ പരിപാടികൾ, ചരിത്രപരമായ പ്രദർശനങ്ങൾ എന്നിവയാണ് രാജ്യത്തുടനീളം ആസൂത്രണം ചെയ്തിരിക്കുന്നത്. 2025 ഡിസംബർ 31-ന് ടൈംസ് സ്ക്വയറിൽ നടന്ന

പുതുവത്സരാഘോഷങ്ങളോടെ ഔദ്യോഗികമായി ആരംഭിച്ച ഈ വാർഷികാഘോഷങ്ങൾ 2026-ന്റെ അവസാനം വരെ നീണ്ടുനിൽക്കും.

ആഘോഷങ്ങളുടെ പ്രധാന ഘടകങ്ങളിലൊന്ന് യു.എസ് കോൺഗ്രസ് 2016-ൽ രൂപീകരിച്ച ഉഭയകക്ഷി സമിതിയായ 'അമേരിക്ക 250' ആണ്. യു.എസ് ട്രഷറർ ആയിരുന്ന റോസി റിയോസ് നയിക്കുന്ന ഈ സമിതിയുടെ ആഭിമുഖ്യത്തിൽ '350 ഫോർ 250' എന്ന ലക്ഷ്യത്തോടെ 35 കോടി അമേരിക്കൻ ജനതയെയും ഈ ആഘോഷങ്ങളിൽ പങ്കാളികളാക്കാൻ ശ്രമിക്കുന്നു. മുൻ പ്രസിഡന്റുമാരായ ജോർജ്ജ് ഡബ്ല്യു. ബുഷ്, ബരാക് ഒബാമ, മുൻ പ്രഥമ വനിതകളായ ലോറ ബുഷ്, മിഷേൽ ഒബാമ എന്നിവരാണ് ഇതിന്റെ സഹ-അധ്യക്ഷന്മാർ.

'അമേരിക്ക 250' കാമ്പെയ്ന് സമാന്തരമായി വൈറ്റ് ഹൗസിന്റെ നേതൃത്വത്തിൽ 'ഫ്രീഡം 250' എന്ന പേരിൽ മറ്റൊരു പദ്ധതിയും പ്രവർത്തിക്കുന്നുണ്ട്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് 2025 ജനുവരിയിൽ ഒപ്പുവെച്ച എക്സിക്യൂട്ടീവ് ഉത്തരവിലൂടെ രൂപീകരിച്ച 'ടാസ്ക് ഫോഴ്സ് 250' ആണ് ഇതിന് നേതൃത്വം നൽകുന്നത്. വൈസ് പ്രസിഡന്റ് ജെ.ഡി വാൻസ് വൈസ് ചെയർമാനായ ഈ വൈറ്റ് ഹൗസ് സംരംഭം, തനതായ പ്രോഗ്രാമുകളിലൂടെയും വലിയ തോതിലുള്ള പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുമാണ് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്.

രണ്ട് വെവ്വേറെ സംഘടനകൾ ഒരേ വാർഷികം വ്യത്യസ്തമായ രീതികളിൽ ആഘോഷിക്കുന്നതിനാൽ, ഇതിന്റെ ബ്രാൻഡിംഗിലും ലോഗോയിലും പ്രകടമായ വ്യത്യാസങ്ങളുണ്ട്. 'അമേരിക്ക 250' ഉപയോഗിക്കുന്നത് ചുവപ്പ്, വെള്ള, നീല നിറങ്ങളിലുള്ള റിബണുകൾ ചേർത്തുവെച്ച് '250' എന്ന് എഴുതിയ ആധുനികമായ ഒരു ലോഗോയാണ്. എന്നാൽ 'ഫ്രീഡം 250' കാമ്പെയ്ൻ പഴയ അമേരിക്കൻ പതാകയിൽ നിന്നുള്ള പ്രചോദനമുൾക്കൊണ്ട് 13 നക്ഷത്രങ്ങളാൽ ചുറ്റപ്പെട്ട പരമ്പരാഗത ലോഗോയാണ് ഉപയോഗിക്കുന്നത്. ഈ രണ്ട് ലോഗോകളും കാമ്പെയ്നുകളും പൊതുജനങ്ങളിൽ ചിലപ്പോഴൊക്കെ ആശയക്കുഴപ്പമുണ്ടാക്കുന്നുണ്ടെങ്കിലും ആഘോഷങ്ങളുടെ പൊലിമ കൂട്ടാൻ ഇത് കാരണമായിട്ടുണ്ട്.



'അമേരിക്ക 250'-ന്റെ കീഴിൽ ജൂലൈ 3, 4 തീയതികളിൽ രാജ്യവ്യാപകമായി 'അമേരിക്കാസ് ബ്ലോക്ക് പാർട്ടി' സംഘടിപ്പിക്കുന്നുണ്ട്, ഇതിന്റെ പ്രധാന പരിപാടി ലോസ് ആഞ്ചലസിലാണ് നടക്കുക. കൂടാതെ, ജൂലൈ 4-ന് അമേരിക്കയിലെ എല്ലാ ടൈം സോണുകളിലെയും അർദ്ധരാത്രിയെ അടയാളപ്പെടുത്തിക്കൊണ്ട് ടൈംസ് സ്ക്വയറിൽ എട്ട് തവണ 'ബോൾ ഡ്രോപ്പ്' നടക്കും. ഫിലഡൽഫിയയിലെ ഇൻഡിപെൻഡൻസ് ഹാളിൽ 'അമേരിക്കാസ് ടൈം ക്യാപ്സൂൾ' സ്ഥാപിക്കുമെന്നതാണ് മറ്റൊരു പ്രത്യേകത; ഇത് രാജ്യത്തിന്റെ 500-ാം ജന്മദിനമായ 2276-ൽ മാത്രമേ തുറക്കുകയുള്ളൂ.

വൈറ്റ് ഹൗസിന്റെ 'ഫ്രീഡം 250' പദ്ധതിക്ക് കീഴിൽ കായിക-സാംസ്കാരിക രംഗങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. 32 രാജ്യങ്ങളിൽ നിന്നുള്ള കപ്പലുകൾ പങ്കെടുക്കുന്ന അന്താരാഷ്ട്ര നേവൽ റിവ്യൂവും 'സെയിൽ4ത് 250' എന്ന പേരിലുള്ള കപ്പൽ പ്രദർശനവും ന്യൂയോർക്ക് ഹാർബറിൽ നടക്കും. ഇതിന് പുറമെ വാഷിംഗ്ടണിലെ നാഷണൽ മാളിൽ നടക്കുന്ന വലിയൊരു മേളയായ 'ഗ്രേറ്റ് അമേരിക്കൻ സ്റ്റേറ്റ് ഫെയർ', നാഷണൽ മാളിന് ചുറ്റുമുള്ള ഇൻഡികാർ റേസ്, വൈറ്റ് ഹൗസ് പുൽത്തകിടിയിൽ വെച്ച് നടക്കുന്ന യു.എഫ്.സി (UFC) മാർഷ്യൽ ആർട്സ് മത്സരം എന്നിവ ഇതിന്റെ ഭാഗമായി അരങ്ങേറും.

ഈ ചരിത്രദിനത്തിന്റെ ഭാഗമായി നാഷണൽ പാർക്ക് സർവീസ് രാജ്യത്തുടനീളമുള്ള 400-ലധി

കം ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിൽ പ്രത്യേക പരിപാടികൾ ഒരുക്കിയിട്ടുണ്ട്. ഫിലഡൽഫിയയിലെ ഇൻഡിപെൻഡൻസ് ഹാൾ, ന്യൂയോർക്കിലെ സ്റ്റാച്യൂ ഓഫ് ലിബർട്ടി തുടങ്ങിയ പ്രശസ്തമായ കേന്ദ്രങ്ങളിൽ വിപുലമായ പ്രദർശനങ്ങളും കൺസെർട്ടുകളും കരിമരുന്ന് പ്രയോഗങ്ങളും നടക്കും. ഒപ്പം, 'അമേരിക്കാസ് ഇൻവിറ്റേഷൻ' എന്ന പദ്ധതിയിലൂടെ സാധാരണക്കാരായ ജനങ്ങളിൽ നിന്ന് അവരുടെ അനുഭവങ്ങളും കഥകളും കവിതകളും ദൃശ്യങ്ങളും ശേഖരിച്ച് രാജ്യത്തിന്റെ ചരിത്രത്തിന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്.





ഈ സ്വാതന്ത്ര്യദിന ആഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ മറ്റൊരു ആഗോള കായിക മാമാങ്കം കൂടിയുണ്ട്. വടക്കേ അമേരിക്ക സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന 2026 ലെ ഫിഫ ലോകകപ്പിന്റെ മത്സരങ്ങൾ ജൂലൈ 4-ന് ഫിലഡൽഫിയയിലും ഹൂസ്റ്റണിലും വെച്ച് നടക്കുന്നുണ്ട്. ഈ ഔദ്യോഗിക സ്വാതന്ത്ര്യദിനാഘോഷ സമിതികളുടെ കീഴിലല്ല ലോകകപ്പ് എങ്കിലും, ചരിത്രപ്രസിദ്ധമായ ഈ ദിനത്തിൽ ലോകകപ്പ് മത്സരങ്ങൾ നടക്കുന്നത് അന്താരാഷ്ട്ര തലത്തിൽ ആഘോഷങ്ങൾക്ക് വലിയൊരു പശ്ചാത്തലമൊരുക്കുന്നു.

അമേരിക്കയുടെ ഈ 250-ാം സ്വാതന്ത്ര്യ വാർഷികം അന്താരാഷ്ട്ര തലത്തിലും വലിയ ശ്രദ്ധയാകർഷിക്കുന്നുണ്ട്. വാഷിംഗ്ടണുമായി തന്ത്രപ്രധാനമായ ബന്ധം കൂടുതൽ ദൃഢമാകുന്ന ഈ കാലഘട്ടത്തിൽ ഇന്ത്യയെ സംബന്ധിച്ചും ഈ ആഘോഷങ്ങൾ പ്രാധാന്യമർഹിക്കുന്നതാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ ഇന്ത്യൻ പ്രവാസി സമൂഹങ്ങളിലൊന്ന് അധിവസിക്കുന്ന അമേരിക്കയിൽ, ദശലക്ഷക്കണക്കിന് ഇന്ത്യൻ-അമേരിക്കൻ വംശജർ പ്രാദേശികമായി നടക്കുന്ന 'അമേരിക്ക 250' പരിപാടികളിൽ സജീവമായി പങ്കാളികളാകുന്നുണ്ട്. ഇത് ഇരുരാജ്യങ്ങളും തമ്മിലുള്ള സാംസ്കാരികവും നയതന്ത്രപരവുമായ ബന്ധത്തിന്റെ ആഴം വർദ്ധിപ്പിക്കാൻ സഹായിക്കും.

## അമേരിക്കൻ സ്വാതന്ത്ര്യ ദിനത്തിന്റെ ചരിത്രം

പതിനെട്ടാം നൂറ്റാണ്ടിൽ വടക്കേ അമേരിക്കയിലെ 13 കോളനികൾ ബ്രിട്ടീഷ് ഭരണത്തിന് കീഴിലായിരുന്നു. ഈ കോളനികളിലെ ജനങ്ങൾക്ക് ബ്രിട്ടീഷ് പാർലമെന്റിൽ പ്രാതിനിധ്യമുണ്ടായിരുന്നില്ല. എന്നാൽ അവരുടെ മേൽ ബ്രിട്ടൻ വൻതോതിൽ നികുതികൾ ചുമത്തി. ഇതേത്തുടർന്ന് 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ജനങ്ങൾ ബ്രിട്ടനെതിരെ തിരിഞ്ഞു.

അതൃപ്തി പുകഞ്ഞതോടെ 1775-ൽ കോളനികളും ബ്രിട്ടീഷ് സൈന്യവും തമ്മിൽ യുദ്ധം ആരംഭിച്ചു. ഇതാണ് 'അമേരിക്കൻ വിപ്ലവം' എന്നറിയപ്പെടുന്നത്. യുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കെ, 13 കോളനികളുടെയും പ്രതിനിധികൾ ഫിലഡൽഫിയയിൽ ഒത്തുകൂടി. തോമസ് ജെഫേഴ്സൺ എന്ന യുവ ജനപ്രതിനിധിയുടെ നേതൃത്വത്തിൽ ഒരു സ്വാതന്ത്ര്യ പ്രഖ്യാപന രേഖ തയ്യാറാക്കി. മനുഷ്യന്റെ തുല്യതയെയും സ്വാതന്ത്ര്യത്തിനുള്ള അവകാശത്തെയും ഉയർത്തിപ്പിടിക്കുന്നതായിരുന്നു ഈ രേഖ.

1776 ജൂലൈ 2-ന് തന്നെ ബ്രിട്ടനിൽ നിന്ന് വേർപെടാനുള്ള പ്രമേയം കോളനികൾ പാസാക്കിയിരുന്നു. എന്നാൽ, തോമസ് ജെഫേഴ്സൺ തയ്യാറാക്കിയ ഔദ്യോഗിക സ്വാതന്ത്ര്യ പ്രഖ്യാപന രേഖ കോണ്ടിനെന്റൽ കോൺഗ്രസ് പൂർണ്ണമായി അംഗീകരിച്ച് ഒപ്പുവെച്ചത് 1776 ജൂലൈ 4-നായിരുന്നു.


Shirley A.
Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined
underwriting, deep zoning and redevelopment
expertise, and decisive execution.

# ലീഗ് സിറ്റി മലയാളി സമാജം 'ആവണിത്തെന്നൽ 2026' ഓണാഘോഷം ഓഗസ്റ്റ് 15ന്

ജീമോൻ റാന്നി




ലീഗ് സിറ്റി (ടെക്സാസ്): ടെക്സാസിലെ മലയാളി സമാജം ഓഫ് ലീഗ് സിറ്റിയുടെ ഈ വർഷത്തെ ഓണാഘോഷം 'അവണിത്തെന്നൽ 2026' ഓഗസ്റ്റ് 15-ന് ലീഗ് സിറ്റിയിലെ ജോണി അരോൾഫോ സിവിക് സെന്ററിൽ (Johnnie Arolfo Civic Center) വിപുലമായ രീതിയിൽ സംഘടിപ്പിക്കുമെന്ന് സംഘടനാ ഭാരവാഹികൾ അറിയിച്ചു.

സമാജം പ്രവർത്തനം ആരംഭിച്ച് പതിനൊന്നാം വർഷത്തിലേക്ക് കടക്കുന്ന ഈ വേളയിൽ, മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വൈവിധ്യവും പുതുമയും നിറഞ്ഞ വിനോദ പരിപാടികളാണ് ഇത്തവണ ഒരുക്കിയിരിക്കുന്നതെന്ന് പ്രസിഡന്റ് ബിജോ സെബാസ്റ്റ്യനും സെക്രട്ടറി ഡോ. ജേക്കബ് തെരുവത്തും അറിയിച്ചു. സമാജം ഇതുവരെ സംഘടിപ്പിച്ച സാമൂഹിക, സാംസ്കാരിക, ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ

മികച്ച അംഗീകാരവും അഭിനന്ദനവും നേടിയിട്ടുണ്ടെന്നും അവർ പറഞ്ഞു.

പരിപാടികളും ഓണസദ്യയും ഒരുപോലെ തിരക്കുകളില്ലാതെ ആസ്വദിക്കാനാകുന്ന വിധത്തിൽ പ്രത്യേക ഹാളുകളാണ് ഇത്തവണ സജ്ജീകരിച്ചിരിക്കുന്നതെന്ന് സംഘാടകർ അറിയിച്ചു. കുടുംബങ്ങൾക്കും മുതിർന്നവർക്കും കുട്ടികൾക്കും സൗകര്യപ്രദമായ രീതിയിലാണ് ആഘോഷവേദി ക്രമീകരിച്ചിരിക്കുന്നത്.

രാവിലെ 9.00 മണിക്ക് മാവേലിയുടെ വർണാഭമായ എഴുന്നള്ളിപ്പോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമാകുക. ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ മാവേലിയെ എല്ലാവരും ചേർന്ന് വരവേൽക്കും.

കേരളത്തിന്റെ തനത് കലാരൂപങ്ങൾ ഉൾക്കൊള്ളുന്ന ഘോഷയാത്ര, പുലികളി, നാടൻപാട്ടുകൾ, നൃത്ത-സംഗീത പരിപാടികൾ, വിവിധ കലാവിരുന്നുകൾ എന്നിവ ആഘോഷത്തിന്റെ മുഖ്യ ആകർഷണങ്ങളായിരിക്കും. ഉച്ചയ്ക്ക് ഇരുപതിലധികം വിഭവങ്ങൾ ഉൾക്കൊള്ളുന്ന വിഭവസമൃദ്ധമായ പരമ്പരാഗത ഓണസദ്യയും ഒരുക്കുന്നുണ്ട്.

തുടർന്ന് കുട്ടികൾക്കും മുതിർന്നവർക്കുമായി വടംവലി, ചാക്കിലോട്ടം തുടങ്ങി പത്തോളം പരമ്പരാഗത കായിക-വിനോദ മത്സരങ്ങൾ സംഘടിപ്പിക്കും. വിജയികൾക്ക് ആകർഷകമായ ട്രോഫികളും സമ്മാനങ്ങളും വിതരണം ചെയ്യും.

സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം പ്രചരിപ്പിക്കുകയും, മലയാളി സമൂഹത്തിന്റെ കൂട്ടായ്മയും കുടുംബബന്ധങ്ങളും കൂടുതൽ ദൃഢമാക്കുകയും ചെയ്യുക എന്നതാണ് 'അവണിത്തെന്നൽ 2026'-ന്റെ പ്രധാന ലക്ഷ്യമെന്ന് ഭാരവാഹികൾ അറിയിച്ചു.

**കൂടുതൽ വിവരങ്ങൾക്ക്:**

പ്രസിഡന്റ്: ബിജോ സെബാസ്റ്റ്യൻ 4092566427

വൈസ് പ്രസിഡന്റുമാർ: ജിജു ജോൺ 4093542518, സീന മാത്യൂസ് 4093549660

സെക്രട്ടറി: ഡോ. ജേക്കബ് തെരുവത്ത് 2404261845

ജോയിന്റ് സെക്രട്ടറിമാർ: ഡോ. നജീബ് കുഴിയിൽ 3468929254, പ്രവിത ജിജി ചന്ദ്രൻ 4093222865

ട്രഷറർ: റോബി തോമസ് 8625964850

ജോയിന്റ് ട്രഷറർ: ബിജി കോടക്കേരിൽ 3462321140

പ്രോഗ്രാം കോർഡിനേറ്റർമാർ : ഡോ.സുജിത് നായർ 8145745310, എലേന ടെൽസൺ 9738030183, സാന്ദ്ര ജോസഫ് 2819679986, ഡോ. രാജ് മേനോൻ 2627440452

യൂത്ത് കോർഡിനേറ്റർമാർ : എമിൽഡ ജെയ്സൺ 4094575067, ജിസ്ന ഷോണി 2817033526, സാക് ജോസഫ് 8322856756



CELEBRATING 30 Yrs Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# സണ്ണി കല്ലൂപ്പാറ ഫോമാ എമ്പയർ റീജിയൺ ആർ വി പി സ്ഥാനാർത്ഥി;

## പ്രവർത്തന മികവിനെ പിന്തുണക്കാം



ന്യൂയോർക്ക്: കലാ-സാംസ്കാരിക-സാമൂഹിക രംഗങ്ങളിൽ സമാനതകളില്ലാത്ത അംഗീകാരങ്ങൾ കരസ്ഥമാക്കിയ സണ്ണി കല്ലൂപ്പാറ എന്ന സണ്ണി നൈനാൻ ഫോമാ എമ്പയർ റീജിയന്റെ റീജീയണൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മൽസരിക്കുന്നു. ഫോമാ നാഷണൽ കമ്മിറ്റി അംഗമായി രണ്ടുവട്ടം പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം സംഘാടന മികവിന്റെ സുതാര്യതയോടെയാണ് ജനവിധി തേടുന്നത്.

''മോഹന വാഗ്ദാനങ്ങളൊന്നും നൽകുന്നില്ല. ഫോമാ എന്ന ഈടുറ്റ ജനകീയ പ്രസ്ഥാനത്തിനുവേണ്ടി ഇതുവരെ ചെയ്യാൻ സാധിച്ച എന്റെ എളിയ സേവനങ്ങളെ വിലയിരുത്തി പ്രിയപ്പെട്ട എല്ലവരോടും വോട്ട് അഭ്യർത്ഥിക്കുന്നു...'' സണ്ണി കല്ലൂപ്പാറ പറഞ്ഞു.

സിനിമ-നാടക-സീരിയൽ നടനും രചയിതാവും മാധ്യമ പ്രവർത്തകനുമെന്ന നിലയിൽ ബഹുമുഖ വ്യക്തിത്വത്തിനുടമയായ സണ്ണി കല്ലൂപ്പാറയുടെ ജനപക്ഷമുഖമാണ്, 1984-ൽ അമേരിക്കയിലെത്തിയ അദ്ദേഹത്തെ ഏവർക്കും സ്വീകാര്യനാക്കുന്നത്. അമേരിക്കൻ മലയാളികളുടെ ആശയും അഭിനിവേശവുമായ ഫോമായുടെ ഇതുവരെയുള്ള മിക്കവാറും കൺവൻഷനുകളുടെ മൂന്നും നാലും കമ്മിറ്റികളിൽ സജീവമായി പ്രവർത്തിച്ച വ്യക്തിയാണ്. അവയുടെയൊക്കെ ചരിത്ര വിജയത്തിന് പിന്നിലെ ഇദ്ദേഹത്തിന്റെ ക്രിയാത്മക പങ്കാളിത്തത്തെപ്പറ്റി ഫോമായുടെ മുൻകാല നേതാക്കൾക്കും അറിയാവുന്നതാണ്.

സ്കൂൾ, കോളേജ്, ഇന്റർ കോളേജ് നാടക മത്സരങ്ങളിൽ മികച്ച നടനുള്ള പുരസ്കാരം നേടിയ സണ്ണി കല്ലൂപ്പാറ, അഖില കേരള ബാലജനസഖ്യം കലാ പ്രതിഭ പട്ടം അലങ്കരിച്ചിട്ടുണ്ട്. അമേരിക്കയിൽ എത്തിയ ശേഷം കലാ-സാംസ്കാരിക-

സാമൂഹിക-സംഘടനാ തലങ്ങളിൽ സജീവമായി. നിലവിൽ മലയാളി അസോസിയേഷൻ ഓഫ് റോക്ക്‌ലാൻഡ് കൗണ്ടിയുടെ (മാർക്) പ്രസിഡന്റാണ്.

ഫോമായുടെ എമ്പയർ റീജിയൻ ട്രഷററുമായിരുന്നു. ഫോമാ ചിക്കാഗോ കൺവൻഷനിൽ നാടക മത്സരത്തിന്റെ ചെയർ പേഴ്സൺ ഉൾപ്പെടെ നാല് കമ്മറ്റികളിൽ പ്രവർത്തിച്ചു. ഫിലാഡൽഫിയ കൺവൻഷനിലെ കോ-ഓഡിനേറ്ററായും തിളങ്ങി. ഫോമാ ഷിക്കാഗോ കൺവൻഷൻ ബെസ്റ്റ് കപ്പിൾ മൽരത്തിന്റെ ജഡ്ജായിരുന്നു. ഫ്ളോറിഡാ കൺവൻഷനിലെ നാടക മത്സരത്തിൽ മികച്ച നടനുള്ള പുരസ്കാരം നേടിയിട്ടുണ്ട്. 'ആരും പറയാത്ത കഥ' എന്ന നാടകത്തിലെ അഭിനയ മികവിനായിരുന്നു ഈ അംഗീകാരം.

ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് (യോങ്കേഴ്സ്) യുവജന സഖ്യം സെക്രട്ടറിയായും സംഘടനയുടെ വൈസ് പ്രസിഡന്റ്, നോർത്ത് ഈസ്റ്റ് റീജണൽ സെക്രട്ടറി, ഭദ്രാസന അസംബ്ലി മെമ്പർ, നോർത്ത് അമേരിക്ക ഭദ്രാസന യുവജനസഖ്യം ആദ്യ ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. സഭയുടെ നോർത്ത് അമേരിക്ക-യൂറോപ്പ് അസംബ്ലി അംഗമായിരുന്നു.

ന്യൂയോർക്കിലെ ക്രോമലോയിയിൽ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടറായി ജോലി ചെയ്യുന്ന സണ്ണി തന്റെ ഔദ്യോഗിക തിരക്കുകൾക്കിടയിലും അഭിനയത്തെ നെഞ്ചോട് ചേർക്കുന്ന തികഞ്ഞ കലാകാരനാണ്. അപ്പൂപ്പന് 100 വയസ്, നന്മകൾ പൂക്കും കാലം, പ്രവാസി തുടങ്ങി 200-ൽ അധികം വേദികൾ പിന്നിട്ട ഇരുപതിലധികം പ്രൊഫഷണൽ നാടകങ്ങളിലൂടെ ഒട്ടനവധി ജനസദസുകളിൽ ഇന്നും സജീവമായി നാടകങ്ങൾ അവതരിപ്പിച്ചു വരുന്നു.

ഫിലഡൽഫിയയിലെ മാനുഷി

> **"മോഹന വാഗ്ദാനങ്ങളൊന്നും നൽകുന്നില്ല. ഫോമാ എന്ന ഈടുറ്റ ജനകീയ പ്രസ്ഥാനത്തിനുവേണ്ടി ഇതുവരെ ചെയ്യാൻ സാധിച്ച എന്റെ എളിയ സേവനങ്ങളെ വിലയിരുത്തി പ്രിയപ്പെട്ട എല്ലവരോടും വോട്ട് അഭ്യർത്ഥിക്കുന്നു...'**

നാടകോത്സവത്തിൽ വ്യുവേഴ്സ് ചോയിസ് ബെസ്റ്റ് ആക്റ്ററായി. വെസ്റ്റ്ചെസ്റ്ററിലെ യൂണിഫെസ്റ്റ് 91ൽ കലാപ്രതിഭയായും തിരഞ്ഞെടുക്കപ്പെട്ടു. വാഷിങ്ടൺ ഡി.സിയിൽ നടന്ന ഇന്റർനാഷണൽ ഫിലിംഫെസ്റ്റ് വേദിയിൽ നിന്ന് ബെസ്റ്റ് ആക്ടർ അവാർഡും സ്വന്തമാക്കി.

പ്രവാസി, അക്കരക്കാഴ്ച, അവർക്കൊപ്പം, ലോക്ക്ഡ് ഇൻ തുടങ്ങിയ സിനിമകളിൽ ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തു. കൂടാതെ ഏഷ്യാനെറ്റ്, സൂര്യ തുടങ്ങിയ ചാനലുകളിലെ ജനപ്രിയ പരമ്പരകളായ മനസ്സറിയാതെ, വേളാങ്കണ്ണിമാതാവ്, ഞങ്ങൾ സന്തുഷ്ടരാണ്, കുങ്കുമപ്പൂവ്, അൽഫോൺസാമ്മ, അക്കരക്കാഴ്ച, ഹരിചന്ദനം, ഇത് രുദ്രവീണ, പ്രവാസി, ഗ്രീൻകാർഡ്, ഫെയ്സ് ബുക്ക് ജോപ്പൻ, തുടങ്ങിയ പത്തിൽ അധികം സീരിയലുകളിൽ മികച്ച കഥാപാത്രങ്ങളെ അവതരിപ്പിച്ച് പ്രേക്ഷക പ്രശംസ നേടിയിട്ടുണ്ട്. ലോക്ക്ഡ് ഇൻ ആണ് ഒടുവിൽ അഭിനയിച്ച മലയാള ചിത്രം.

അമേരിക്കൻ മലയാളികളെ ചിരിപ്പിച്ചും ചിന്തിപ്പിച്ചുമുള്ള ജനപ്രിയ കഥാപാത്രങ്ങളുടെ വേഷപ്പകർച്ചയുമായാണ് സണ്ണി കല്ലൂപ്പാറ ജൈത്രയാത്ര തുടരുന്നത്. പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ സൂപ്പർ ഹിറ്റ് സീരിയൽ 'ഫെയ്സ്ബുക്ക് ജോപ്പ'നിലെ മുഴുനീള കഥാപാത്രമായ ജോപ്പനും 'നാടൻ വൈബ്സി'ലെ വർക്കിയും 'കപ്പ ആന്റ് ക്രൊയ്സാന്റ്സി'ലെ ചാക്കോയും അരങ്ങ് തകർത്താടിയവയാണ്. നിത്യജീവിതത്തിൽ നാം കണ്ടുമുട്ടുന്ന ഈ വ്യത്യസ്ത മുഖങ്ങളെ തൻമയത്വത്തോടെ സണ്ണി കല്ലൂപ്പാറ അവതരിപ്പിക്കുമ്പോൾ അവർ സ്വാഭാവിക വ്യക്തികളായി മാറുന്നു.

തിരുവല്ലയ്ക്കു സമീപം കല്ലൂപ്പാറ പേരാലുംമൂട്ടിൽ കുടുംബാംഗമായ സണ്ണി നൈനാൻ കർമ്മ ഭൂമിയിലെ തന്റെ സംഘടനാ പ്രവർത്തനങ്ങൾക്കും കലാ ജീവിതത്തിനും കൈത്താങ്ങായി നിന്ന എല്ലാ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. നാളിതുവരെയുള്ള തന്റെ കലാ സപര്യയിലൂടെ നേടിയ പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് സണ്ണി കല്ലൂപ്പാറ വിനിയോഗിച്ചത്. ഇനിയും ആ സഹജീവി സ്നേഹത്തിന്റെ പാതപിന്തുടരുമെന്ന് അദ്ദേഹം വ്യക്തമാക്കി.

പെമോണയിൽ നേഴ്സ് മാനേജരായിരുന്ന ജെസി ആണ് സണ്ണി കല്ലൂപ്പാറയുടെ ഭാര്യ. ഇപ്പോൾ റോക്ക്‌ലാൻഡ് സൈക്യാട്രി സെന്ററിൽ ജോലി ചെയ്യുന്ന ജെസിക്ക് കൊറോണക്കാലത്തെ സേവനങ്ങൾ മാനിച്ച് ന്യൂയോർക്ക് സ്റ്റേറ്റിലെ ഏറ്റവും മികച്ച നേഴ്സിനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളായ ജെയ്സൺ, ജോർഡൻ, ജാസ്മിൻ എന്നിവർ മക്കൾ.


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ പള്ളിയിൽ മലയാളം ക്ലാസുകൾക്ക് തുടക്കമായി



emalayalee.com

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിൽ ഈ വർഷത്തെ മലയാളം ക്ലാസുകളുടെ ഔപചാരികമായ ഉദ്ഘാടനം പ്രൗഢഗംഭീരമായ ചടങ്ങുകളോടെ നിർവ്വഹിക്കപ്പെട്ടു. ജൂൺ 28 ഞായറാഴ്ച നടന്ന ചടങ്ങിൽ, യുണൈറ്റഡ് കിംഗ്ഡം (U.K.) ക്നാനായ കത്തോലിക്കാ എപ്പാർക്കിയൽ കോർഡിനേറ്റർ റവ. ഫാ. സുനി പടിഞ്ഞാറേക്കര ക്ലാസുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ഉദ്ഘാടനം.



അമേരിക്കയിൽ വളരുന്ന നമ്മുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഫാ. സുനി പടിഞ്ഞാറേക്കര മുഖ്യപ്രഭാഷണത്തിൽ ഊന്നിപ്പറഞ്ഞു. മുതിർന്നവരുമായി മികച്ച രീതിയിൽ ആശയവിനിമയം നടത്തുന്നതിനും, നമ്മുടെ സമ്പന്നമായ സംസ്കാരം, ആരാധനാക്രമം, പൈതൃകം എന്നിവ ആഴത്തിൽ മനസ്സിലാക്കുന്നതിനും മാതൃഭാഷാ പഠനം അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ചടങ്ങിൽ ഇടവക വികാരി റവ. ഫാ. അബ്രഹാം മുത്തോലത്ത് അധ്യക്ഷത വഹിച്ചു. കുട്ടികളെ ഈ കോഴ്സിലേക്ക് അയക്കാൻ താല്പര്യം കാണിച്ച മാതാപിതാക്കളെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു. ഈ മലയാളം പഠനക്ലാസ്സ് നമ്മുടെ കുടുംബങ്ങൾക്കും സമൂഹത്തിനും ഒന്നുപോലെ എത്രത്തോളം പ്രയോജനകരമായിരിക്കുമെന്ന് അദ്ദേഹം തന്റെ അധ്യക്ഷപ്രസംഗത്തിൽ വ്യക്തമാക്കി.

അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ, സിസ്റ്റർ റെജി S.J.C. എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്നു. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സജീവമായ പങ്കാളിത്തത്തെ അവർ അഭിനന്ദിച്ചു. ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും മാത്യു പനംതാനമ്പറമ്പിൽ നന്ദി രേഖപ്പെടുത്തി.

ഇടവകയിലെ സീനിയർ മിനിസ്ട്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് ഈ മലയാളം ക്ലാസുകൾക്ക് തുടക്കം കുറിച്ചിരിക്കുന്നത് എന്ന പ്രത്യേകതയുമുണ്ട്. നിലവിൽ 45 വിദ്യാർത്ഥികളും 8 സന്നദ്ധ അധ്യാപകരുമാണ് ഈ പുതിയ അധ്യയന വർഷത്തെ ക്ലാസുകളിൽ പങ്കാളികളാകുന്നത്.









# പ്രവാസി വയോജനത കേരളം 'ഗ്ലോബൽ മലയാളി റിട്ടയർമെന്റ് ഡെസ്റ്റിനേഷൻ' ആകുമോ ?




തിരിച്ചുവരുന്ന പ്രവാസി വയോജനങ്ങൾ കേരളത്തിന്റെ ‘സിൽവർ ഇക്കോണമി’യുടെ സുവർണാവസരമാകുന്നു.

സീനിയർ ലിവിംഗ് ടൗൺഷിപ്പുകൾ, അസിസ്റ്റഡ് ലിവിംഗ് കേന്ദ്രങ്ങൾ, ജീരിയാട്രിക് ആശുപത്രികൾ, ഹോം ഹെൽത്ത് കെയർ, ഫിസിയോതെറാപ്പി, പുനരധിവാസ സേവനങ്ങൾ, ടെലിമെഡിസിൻ, വെൽനസ് ടൂറിസം, വയോജന ഇൻഷുറൻസ്, സാമ്പത്തിക ആസൂത്രണ സേവനങ്ങൾ, സ്മാർട്ട് ഹോം സാങ്കേതികവിദ്യകൾ ഇവയെല്ലാം വലിയ വളർച്ചാ സാധ്യതയുള്ള മേഖലകളാണ്.

**ബാബു ജോസഫ്**

ന്യൂജഴ്സിയിൽ നാല്പതിലേറെ വർഷം ജോലി ചെയ്ത ശേഷം വിരമിച്ച തോമസും (പേര് മാറ്റിയിരിക്കുന്നു) ഭാര്യയും ആദ്യം കരുതിയത് അമേരിക്കയിൽ തന്നെ ജീവിതാവസാനം വരെ തുടരാനായിരുന്നു. മക്കൾ അവിടെയാണ്. വീട് അവിടെയാണ്. ജീവിതം മുഴുവൻ അവിടെ പടുത്തുയർത്തിയതാണ്.

എന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ അവരുടെ തീരുമാനം മാറി.

കഠിനമായ ശൈത്യകാലം, വർധിച്ചുവരുന്ന ജീവിതച്ചെലവ്, സങ്കീർണ്ണമായ ആരോഗ്യപരിരക്ഷാ സംവിധാനം, സമയബന്ധിതമായി ചികിത്സ ലഭിക്കാത്ത അവസ്ഥ ഇവയെല്ലാം അവരെ വീണ്ടും കേരളത്തിലേക്ക് തിരികെ വരാൻ പ്രേരിപ്പിച്ചു.

ഇന്ന് അവർ കൊച്ചിയിൽ താമസിക്കുന്നു. മികച്ച ആശുപത്രികൾ അടുത്തുണ്ട്. സ്വന്തം ഭാഷയും സംസ്കാരവും ചുറ്റുമുണ്ട്.

ബന്ധുക്കളും സുഹൃത്തുക്കളുമുണ്ട്. ജീവിതം കൂടുതൽ സുരക്ഷിതവും മാനുഷികവുമായി അനുഭവപ്പെടുന്നു.

തോമസിന്റെ അനുഭവം ഇന്ന് ഒറ്റപ്പെട്ട സംഭവമല്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി പ്രവാസികളിൽ വളർന്നുവരുന്ന ഒരു പുതിയ പ്രവണതയുടെ പ്രതീകമാണ് അത്.

കഴിഞ്ഞ പതിനഞ്ച് വർഷമായി വയോജനരംഗവുമായി അടുത്ത് പ്രവർത്തിക്കുകയും അവരുടെ പ്രശ്നങ്ങൾ പഠിക്കുകയും കേരളത്തിലെ ആദ്യത്തെ പ്രീമിയം ആക്റ്റീവ് റിട്ടയേർമെന്റ് ഹോമിനു നേതൃത്വം കൊടുക്കുകയും ചെയ്ത ഒരാളെന്ന നിലയിൽ ഞാൻ കാണുന്നത്, അമേരിക്ക, ബ്രിട്ടൻ, സിംഗപ്പൂർ, കാനഡ, ഓസ്ട്രേലിയ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വിരമിക്കുന്ന കൂടുതൽ മലയാളികൾ കേരളത്തിലേക്ക് സ്ഥിരതാമസം മാറാൻ ആലോചിക്കുകയാണ് എന്നതാണ്.

ഇതിന് പിന്നിൽ വെറും ഗൃഹാതുരത്വമല്ല; പ്രായോഗികമായ നിരവധി കാരണങ്ങളുണ്ട്.

പലരും കരുതുന്നതുപോലെ വിദേശത്ത് വിരമിക്കുന്ന എല്ലാവർക്കും സാമ്പത്തിക സുരക്ഷയുണ്ടെന്നത് യാഥാർത്ഥ്യമല്ല. അവിടെയുള്ള സാമൂഹ്യസുരക്ഷാ പെൻഷനും വിരമിക്കൽ നിക്ഷേപങ്ങളും വർധിച്ചുവരുന്ന ജീവിതച്ചെലവിനും ആരോഗ്യപരിചരണച്ചെലവിനും മതിയാകാത്ത അവസ്ഥയാണ്. പ്രത്യേകിച്ച് മധ്യവർഗ്ഗ കുടുംബങ്ങൾക്ക്.



അതോടൊപ്പം ആരോഗ്യസംരക്ഷണ സംവിധാനത്തിലേക്കുള്ള പ്രവേശനം എളുപ്പമല്ല. വിദഗ്ധ ഡോക്ടർമാരെ കാണാൻ മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു. ദീർഘകാല പരിചരണച്ചെലവ് വളരെ കൂടുതലാണ്. ഇൻഷുറൻസ് വ്യവസ്ഥകളും സങ്കീർണ്ണമാണ്.

മറ്റൊരു പ്രധാന കാരണമാണ് കാലാവസ്ഥ. കേരളത്തിലെ ഉഷ്ണമേഖലാ കാലാവസ്ഥയിൽ വളർന്നവർക്ക് അമേരിക്കയിലെയും യൂറോപ്പിലെയും ദീർഘമായ ശൈത്യകാലം പ്രായമാകുമ്പോൾ ശാരീരികമായും മാനസികമായും വലിയ വെല്ലുവിളിയാണ്. മക്കൾ പല നഗരങ്ങളിലായി താമസിക്കുന്നതിനാൽ സാമൂഹിക ഒറ്റപ്പെടലും വർധിക്കുന്നു.

ഇതിന് വിപരീതമായി കേരളം അവർക്ക് നൽകുന്നത് പരിചിതമായ ജീവിതരീതിയും, താരതമ്യേന ചെലവ് കുറഞ്ഞ ചികിത്സയും, കുടുംബബന്ധങ്ങളുടെ സുരക്ഷിതത്വവും, കൂടുതൽ മാനുഷികമായ സാമൂഹിക അന്തരീക്ഷവുമാണ്.

ഇവിടെയാണ് കേരളം വലിയൊരു അവസരം തിരിച്ചറിയേണ്ടത്.

ലോകമെമ്പാടുമുള്ള മലയാളി വയോജനങ്ങളുടെ ഈ മടക്കം വെറും ജനസംഖ്യാപരമായ മാറ്റമല്ല. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയ ദിശ തുറക്കുന്ന ഒരു *'സിൽവർ ഇക്കോണമി'*യുടെ തുടക്കമാണ്.

കേരള സർക്കാർ സിൽവർ ഇക്കോണമിയുടെ സാധ്യതകൾ തിരിച്ചറിഞ്ഞ് നയപരമായ സമീപനം സ്വീകരിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. എന്നാൽ അത് കൂടുതൽ പ്രായോഗികമാക്കേണ്ട സമയമാണിത്.

ഇന്നത്തെ വയോജനങ്ങൾ പഴയ തലമുറയെപ്പോലെയല്ല. അവർ ആശ്രിതജീവിതമല്ല ആഗ്രഹിക്കുന്നത്. സ്വതന്ത്രവും അന്തസ്സുള്ളതുമായ ജീവിതമാണ് അവർ തേടുന്നത്. മികച്ച ആരോഗ്യപരിരക്ഷയും വിനോദസൗകര്യങ്ങളും ഡിജിറ്റൽ കണക്റ്റിവിറ്റിയും സുരക്ഷിതമായ താമസവും സാമൂഹിക ഇടപെടലും ഉൾക്കൊള്ളുന്ന ആധുനിക റിട്ടയർമെന്റ് കമ്മ്യൂണിറ്റികളാണ് അവരുടെ പ്രതീക്ഷ.

ഇത് കേരളത്തിൽ പുതിയ നിക്ഷേപമേഖലകൾ സൃഷ്ടിക്കും.

സീനിയർ ലിവിംഗ് ടൗൺഷിപ്പുകൾ, അസിസ്റ്റഡ് ലിവിംഗ് കേന്ദ്രങ്ങൾ, ജീരിയാട്രിക് ആശുപത്രികൾ, ഹോം ഹെൽത്ത് കെയർ, ഫിസിയോതെറാപ്പി, പുനരധിവാസ സേവനങ്ങൾ, ടെലിമെഡിസിൻ, വെൽനസ് ടൂറിസം, വയോജന ഇൻഷുറൻസ്, സാമ്പത്തിക ആസൂത്രണ സേവനങ്ങൾ, സ്മാർട്ട് ഹോം സാങ്കേതികവിദ്യകൾ ഇവയെല്ലാം വലിയ വളർച്ചാ സാധ്യതയുള്ള മേഖലകളാണ്.

കേരളത്തിന് ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇതിനകം തന്നെയുണ്ട്. രാജ്യത്തെ മികച്ച ആരോഗ്യസംവിധാനങ്ങളിൽ ഒന്ന്, പരിശീലനം നേടിയ നഴ്സുമാർ, ഉയർന്ന സാക്ഷരത, മികച്ച മനുഷ്യവിഭവശേഷി, വയോജന സൗഹൃദമായ സാമൂഹിക പശ്ചാത്തലംഇവയെല്ലാം കേരളത്തിന്റെ ശക്തിയാണ്.

എന്നാൽ മറ്റൊരു യാഥാർത്ഥ്യവും അവഗണിക്കാനാവില്ല.

സംസ്ഥാനത്ത് സീനിയർ കെയർ സെന്ററുകളും വയോജന ഭവനങ്ങളും വേഗത്തിൽ വർധിച്ചുവരികയാണ്. ചില സ്ഥാപനങ്ങൾ മികച്ച നിലവാരം പുലർത്തുമ്പോൾ മറ്റുചിലത് മതിയായ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, അടിയന്തര ചികിത്സാ സംവിധാനങ്ങൾ, സാമ്പത്തിക സുതാര്യത എന്നിവയില്ലാതെയാണ് പ്രവർത്തിക്കുന്നത്.

വയോജന പരിചരണം വെറും റിയൽ എസ്റ്റേറ്റ് ബിസിനസോ ഹോസ്പിറ്റാലിറ്റി വ്യവസായമോ അല്ല. അത് മനുഷ്യരുടെ അന്തസ്സിനെയും അവകാശങ്ങളെയും നേരിട്ട് ബാധിക്കുന്ന മേഖലയാണ്.

അതുകൊണ്ട് സംസ്ഥാന സർക്കാർ സമഗ്രമായ നിയന്ത്രണ സംവിധാനം കൊണ്ടുവരണം. ലൈസൻസിംഗ്, നിർബന്ധിത അക്രഡിറ്റേഷൻ, നിശ്ചിത ഇടവേളകളിലെ പരിശോധന, ജീവനക്കാരുടെ പരിശീലനം, താമസക്കാരുടെ അവകാശ സംരക്ഷണം, പരാതിപരിഹാര സംവിധാനം, സാമ്പത്തിക സുതാര്യത എന്നിവ ഉൾക്കൊള്ളുന്ന വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അനിവാര്യമാണ്.

ഇതോടൊപ്പം ജീരിയാട്രിക് കെയറിലും ഡിമെൻഷ്യ കെയറിലും പ്രത്യേക പരിശീലന കോഴ്സുകൾ ആരംഭിക്കണം. കെയർ ഗിവർമാർ, കൗൺസിലർമാർ, റീഹാബിലിറ്റേഷൻ വിദഗ്ധർ, സീനിയർ വെൽനസ് മാനേജർമാർ എന്നിവരെ പരിശീലിപ്പിക്കുന്നതിലൂടെ കേരളത്തിൽ പുതിയ തൊഴിൽ സാധ്യതകളും സൃഷ്ടിക്കാം.

പ്രവാസി മലയാളികൾക്ക് കേരളത്തിലേക്ക് മടങ്ങിവരുന്നതിനുള്ള 'സിംഗിൾ വിൻഡോ റിട്ടയർമെന്റ് ഫെസിലിറ്റേഷൻ സെന്റർ' രൂപീകരിക്കുന്നതും പരിഗണിക്കാവുന്നതാണ്. സ്വത്ത് മാനേജ്മെന്റ്, നികുതി, ആരോഗ്യ ഇൻഷുറൻസ്, നിയമസഹായം, ബാങ്കിംഗ്, കമ്മ്യൂണിറ്റി ഇന്റഗ്രേഷൻ എന്നിവ ഒരൊറ്റ സംവിധാനത്തിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞാൽ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് അത് വലിയ സഹായമാകും.

കേരളം മറ്റൊരു കാര്യവും ചിന്തിക്കണം. വയോജനങ്ങളെ സംരക്ഷിക്കേണ്ടവരായി മാത്രം കാണാതെ, അവരുടെ അനുഭവസമ്പത്ത് സമൂഹത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തണം. അധ്യാപകരായും മെന്റർമാരായും സ്റ്റാർട്ടപ്പ് ഉപദേശകരായും സന്നദ്ധ പ്രവർത്തകരായും അവർക്ക് പുതിയ പങ്ക് നൽകാൻ കഴിയണം.





**വയോജനങ്ങളെ സംരക്ഷിക്കേണ്ടവരായി മാത്രം കാണാതെ, അവരുടെ അനുഭവസമ്പത്ത് സമൂഹത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തണം. അധ്യാപകരായും മെന്റർമാരായും സ്റ്റാർട്ടപ്പ് ഉപദേശകരായും സന്നദ്ധപ്രവർത്തകരായും അവർക്ക് പുതിയ പങ്ക് നൽകാൻ കഴിയണം.**



സാങ്കേതികവിദ്യയും ഈ രംഗത്ത് നിർണായകമാകും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ആരോഗ്യനിരീക്ഷണം, ധരിക്കാവുന്ന ഹെൽത്ത് ഉപകരണങ്ങൾ, അടിയന്തര സഹായ സംവിധാനങ്ങൾ, ടെലിമെഡിസിൻ, സ്മാർട്ട് ഹോം സംവിധാനങ്ങൾ എന്നിവ വയോജനങ്ങൾക്ക് കൂടുതൽ സ്വതന്ത്രമായ ജീവിതം ഉറപ്പാക്കും.

കേരളം ഇവിടെ നിർത്തരുത്. ലോകത്തിലെ പല രാജ്യങ്ങളും വിരമിച്ചവരെ ആകർഷിക്കുന്ന പ്രത്യേക നയങ്ങൾ നടപ്പാക്കുന്നുണ്ട്. പോർച്ചുഗൽ, മലേഷ്യ, തായ്‌ലൻഡ് തുടങ്ങിയ രാജ്യങ്ങൾ ഇതിനകം റിട്ടയർമെന്റ് ഡെസ്റ്റിനേഷനുകളായി മാറിയിട്ടുണ്ട്. അതുപോലെ 'ഗ്ലോബൽ മലയാളി റിട്ടയർമെന്റ് ഡെസ്റ്റിനേഷൻ' എന്ന നിലയിൽ കേരളത്തെയും ലോകത്തിനു മുന്നിൽ അവതരിപ്പിക്കാം.

അതോടൊപ്പം വയോജന സൗഹൃദ നഗരങ്ങൾ, തടസ്സരഹിത പൊതുഗതാഗതം, പ്രായമായവർക്കനുയോജ്യമായ വീടുകൾ, ഡിമെൻഷ്യ ഫ്രണ്ട്‌ലി കമ്മ്യൂണിറ്റികൾ എന്നിവ വികസിപ്പിക്കണം. സർക്കാർ–സ്വകാര്യ പങ്കാളിത്തത്തിലൂടെ ആധുനിക റിട്ടയർമെന്റ് ടൗൺഷിപ്പുകൾ രൂപീകരിക്കാം.

ഏറ്റവും പ്രധാനമായി, വിദേശ മലയാളികളുടെ മടക്കത്തെ ലക്ഷ്യമിട്ട് 'ഗ്ലോബൽ മലയാളി സീനിയർ റിട്ടേൺ പോളിസി' എന്ന പ്രത്യേക നയം കേരള സർക്കാർ രൂപീകരിക്കേണ്ട സമയമാണിത്. അത് സിൽവർ ഇക്കോണമിയുടെ സമഗ്ര വികസനത്തിന് വഴിയൊരുക്കും.

കേരളം ഈ അവസരം ശരിയായ സമയത്ത് പ്രയോജനപ്പെടുത്തുകയാണെങ്കിൽ, അത് വെറും വയോജന ക്ഷേമപദ്ധതിയാകില്ല. ആരോഗ്യരംഗം, ടൂറിസം, റിയൽ എസ്റ്റേറ്റ്, സേവനമേഖല, തൊഴിൽസൃഷ്ടി, വിദേശ നിക്ഷേപം എന്നിവയെല്ലാം ബന്ധിപ്പിക്കുന്ന പുതിയൊരു സാമ്പത്തിക വിപ്ലവത്തിന് തുടക്കമാകും.


തോമസ് പലപ്പോഴും പറയാറുണ്ട്: ''ഞാൻ കേരളത്തിലേക്ക് തിരികെ വന്നത് ജന്മനാടിലേക്ക് മാത്രമല്ല; അന്തസ്സോടെ വാർധക്യം ആസ്വദിക്കാൻ കഴിയുന്ന ഒരു ജീവിതത്തിലേക്കാണ്.''

ആ അനുഭവം നാളെ ആയിരക്കണക്കിന് പ്രവാസി മലയാളികളുടെ ജീവിതകഥയാകാം.

ആ ചോദ്യം മാത്രം ബാക്കിയുണ്ട്

അവരെ സ്വീകരിക്കാൻ കേരളം തയ്യാറാണോ?

(പ്രീമിയം സീനിയർ ലിവിങ് പ്രൊജക്ടുകളുടെ കേരളത്തിലെ സംഘടനയായ (Senior Living Association of Kerala- SLAK) സംസ്ഥാന പ്രസിഡണ്ടും, കോതമംഗലത്തു പണിയാരംഭിച്ച, പാംകെയർ സീനിയർ ലിവിങ് പ്രോജെക്റ്റിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമാണ്. മുതിർന്ന മാധ്യമ പ്രവർത്തകനും, തേവര S H കോളേജ് മാധ്യമ ക്യാമ്പസ് ഡയറക്ടറുമാണ്, ലേഖകൻ )






# ABEL'S GARDEN PVT LTD

**Karimannoor P.O. Thodupuzha, Idukki,**
**Kerala, India PIN. 685581**
**Email/ Phone : hello@abelsgarden.in**
**Tel:+917034413000, +917034643000, +919778050077**

# എ.സി. ജോർജിന്റെ നോവൽ 'പാളങ്ങൾ'

## (പുസ്തക പരിചയം - ബാജി ഓടംവേലി, ഡാലസ്)




കഴിഞ്ഞ അൻപതു വർഷമായി അമേരിക്കയിൽ താമസിക്കുന്ന മലയാളി എഴുത്തുകാരനായ എ. സി. ജോർജ്ജിന്റെ 2025 ൽ പ്രസിദ്ധീകരിച്ച നോവലാണ് പാളങ്ങൾ. കോഴിക്കോട് പുസ്തകശാലയാണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. വില 130 രൂപ.

ഈ നോവൽ ആരംഭിക്കുന്നത് ഒരു റെയിൽ പാളത്തിൽ നിന്നാണ്. അതുപ്പോലെ തന്നെ അവസാനിക്കുന്നതും പാളങ്ങളിലാണ്. അതിനാൽ പാളങ്ങൾ എന്ന ശീർഷകം നോവലിന് നന്നായി ഇണങ്ങുന്നുണ്ട്.


ഇന്ത്യയിലെ മാത്രമല്ല ലോകത്തിലെ തന്നെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥപനമാണല്ലോ ഇന്ത്യൻ റെയിൽവേ. നോവലിന്റെ പരിസരവും ഇതിവൃത്തവും കഥയുടെ വികാസവും ഇന്ത്യൻ റെയിൽവേയെ ചുറ്റിപ്പറ്റിയാണ് മുന്നേറുന്നത്.

നോവലിസ്റ്റ് മുൻപ് ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തിരുന്നതിന്റെ അനുഭവപരിചയം സംഭവങ്ങൾ കൂടുതൽ കൃത്യതയോടെ അവതരിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. അവിടുത്തെ ജനങ്ങളുടെയും റെയിൽവേയിൽ തന്നെ വിവിധ മേഖല

കളിൽ ജോലി ചെയ്യുന്ന ആൾകാരുടെയും അനുദിന ജീവിത സാഹചര്യങ്ങളും ഭാഷാപ്രയോഗങ്ങളും നോവലിന് മിഴിവേകുന്നുണ്ട്.

ഈ നോവലിന്റെ കഥാദൈർഘ്യം മൂന്നോ നാലോ കൊല്ലമായി വിലയിരുത്താം. വളരെ കുറഞ്ഞ ഒരു കാലഘട്ടത്തിൽ നടക്കുന്ന കഥയും ജീവിക്കുന്ന കഥാപാത്രങ്ങളുമാണ് ഈ നോവലിലുള്ളത്, അതിനാൽ വളരെ ഏകാഗ്രതയോടെ വായനക്കാർക്ക് വായിച്ചു മുന്നേറാനാവും. ആകാംക്ഷാഭരിതമായ കഥാതന്തുവാണ് ലളിതമായ അവിഷ്കാര ശൈലിയിൽ രചിച്ച ഈ നോവലിന്റെ പ്രമേയം.

ബാംഗ്ളൂർ സിറ്റിക്ക് അടുത്തുള്ള റെയിൽവേ സ്റ്റേഷനിലെ സ്റ്റേഷൻ മാസ്റ്റർ രാമചന്ദ്രൻ, അദ്ദേഹത്തിന്റെ ഡ്യൂട്ടിക്കിടെ റേയിൽവേ പാളത്തിൽ തലവെച്ച് ആത്മഹത്യയ്ക്ക് ശ്രമിക്കുന്ന വിലാസിനി എന്നിവരാണ് നോവലിലെ പ്രധാന കഥാപാത്രങ്ങൾ.




കർണ്ണാടകയിലായിരുന്നിട്ടും അവിടെ ആത്മഹത്യാശ്രമം നടത്തിയ സുന്ദരിയായ യുവതി മലയാളി ആണെന്നറിയുന്നത് രാമചന്ദ്രനേപ്പോലെ വായനക്കാർക്കും വിലാസിനിയെ കൂടുതൽ അറിയാൻ താത്പര്യം ഉണർത്തും. ആത്മഹത്യയിൽ വിജയിച്ചാൽ പിന്നെ ഒന്നും ചെയ്യാനായില്ലെങ്കിലും ആത്മഹത്യ പരായജപ്പെട്ടാൽ അത് കുറ്റകരവും ശിഷാർഹവുമാണ്.

വിലാസിനിയുടെ രക്ഷകന്റെ റോളിലാണ് സ്റ്റേഷൻ മാസ്റ്റർ രാമചന്ദ്രൻ ആദ്യം പ്രത്യക്ഷപ്പെടുന്നതെങ്കിലും അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധി ശരിയായിരുന്നില്ല. വിലാസിനി എന്ന മൂവാറ്റുപുഴക്കാരിയുടെ അതുവരെയുള്ള കരളലിയിക്കുന്ന ജീവിത കഥകൾ കേട്ടപ്പോൾ രാമചന്ദ്രന്റെ മനസ്സും അലിഞ്ഞു. അങ്ങനെ വിലാസിനിയെയും അവളുടെ വയറ്റിൽ വളരുന്ന കുഞ്ഞിനേയും ആത്മാർത്ഥമായി രക്ഷിക്കുന്നു.

വിലസിനിയേയും അവളുടെ അമ്മയേയും ബാംഗ്ളൂരിലേക്ക് കൊണ്ടുവന്ന പ്രഭാകരൻ കഥയിൽ നിറഞ്ഞാടുന്നുണ്ട്. കൂട്ടുകാരൻ ഭാസ്കരനെ കൊന്ന കേസിൽപ്പെട്ട് സ്റ്റേഷൻ മാസ്റ്റർ ജയിലാകുന്നതോടെ കഥയുടെ ഗതിയും അവരുടെ ജീവിതവും മാറി മറിയുന്നു. ഇടയ്ക്ക് അവളെ സഹായിക്കുന്ന ഡോക്ടർ വിൽസനും വായനക്കാരുടെ മനസ്സിൽ നിറഞ്ഞു നിൽക്കും.

താൻ നിരപരാധിയാണെന്ന് ബോധ്യപ്പെട്ട് രാമചന്ദ്രനെ കോടതി വേറുതേ വിടുന്നുണ്ടെങ്കിലും അപ്പോഴേക്കും അയാൾക്ക് ജോലിയും കുടുംബവും സൽപ്പേരും എല്ലാം നഷ്ടപ്പെട്ടിരുന്നു. രാമചന്ദ്രനും ജീവിതം മടുത്ത് മരിച്ചേക്കാം

എന്നു വിചാരിച്ച് റെയിൽവേ പാളത്തിൽ എത്തുമ്പോൾ തന്നെ മാത്രം ധ്യാനിച്ചു കഴിയുന്ന വിലാസിനിയെ വീണ്ടും കാണുന്നു.

തെറ്റിധാരണയിൽ മനം നൊന്ത് ആത്മഹത്യയിൽ അഭയം പ്രാപിക്കാൻ വീണ്ടും ശ്രമിക്കുന്ന വിലാസിനിയെ ഒരിക്കൽ കൂടി രക്ഷിക്കുകയും താൻ സ്വയം മരണത്തിൽ നിന്നും രക്ഷപെടുകയും ചെയ്യുന്നതായി പറഞ്ഞാണ് സംഭവ ബഹുലമായ നോവൽ അവസാനിക്കുന്നത്. റെയിൽവേ പാളത്തിൽ തുടങ്ങിയ ജീവിതം റെയിൽവേ പാളത്തിൽ അവസാനിക്കുകയല്ല തുടരുകയാണ് ചെയ്യുന്നത്.

ഒരു ഗവണ്മെന്റ് ഊദ്യോഗസ്ഥന് വ്യക്തിപരമായ കാര്യങ്ങൾ എത്രമുഖ്യവും ജീവൽപ്രധാനവും ആയിരുന്നാലും ആവശ്യമാകുന്ന സന്ദർഭങ്ങളിലെല്ലാം പൊതു താല്പര്യത്തിനുവേണ്ടി അത് ബലിയർപ്പിക്കേണ്ടി വരും എന്ന പൊതുപരാതിയും സാമൂഹ്യവിമർശനങ്ങളും ജീവിതഗന്ധിയായ നോവലിൽ ശക്തമായി ഉയർത്തുന്നുണ്ട്.

## എ. സി. ജോർജ്ജ്, യു.എസ്.എ.



എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂരിൽ ആടുകുഴിയിൽ വർക്കി ചാക്കോയുടെയും ഏലിയാമ്മ ചാക്കോയുടെനും മകനായി ജനനം. ഇന്ത്യൻ റേയിൽവേ ജീവനക്കാരനായിരുന്ന എഴുത്തുകാരൻ 1975 ൽ അമേരിക്കയിലേക്ക് കുടിയേറി. മുപ്പത്തിയാറ് വർഷം ന്യൂയോർക്കിൽ ജോലി ചെയ്തു. റിട്ടയർമെന്റിനു ശേഷം പതിനഞ്ച് വർഷമായി ഹ്യൂസ്റ്റണിൽ താമസിക്കുന്നു.

അമേരിക്കയിലെ കേരള ഡിബേറ്റ് ഫോറം, കേരള ലീറ്ററി ഫോറം, കേരള നർമ്മവേദി തുടങ്ങിയ പ്രസ്ഥാനങ്ങളിലെ വെർചൽ മീറ്റിംഗുകളുടെ തുടക്കക്കാരൻ. ഹ്യൂസ്റ്റൺ കേന്ദ്രമായി പ്രവർത്തിക്കുന്ന മലയാളം സൊസൈറ്റി ഓഫ് അമേരിക്കയിലും കേരള റൈറ്റേഴ്‌സ് ഫോറത്തിലും സജീവ സാന്നിധ്യമാണ് എഴുത്തുകാരൻ. ന്യൂയോർക്ക് സ്റ്റേറ്റ് എംപയർ കോളേജിൽ മലയാളത്തിൽ ബിരുധം ഉള്ളവരെ ഇവാലുവേറ്റ് ചെയ്ത് ക്രെഡിറ്റ് നൽകുന്ന മുഖ്യഉപദേശകനാണ്.

പാളങ്ങൾ (നോവൽ), മിന്നൽ പ്രണയം (കഥാപ്രസംഗം, നാടകം) എന്നിവ കോഴിക്കോട് സ്പെൽ ബുക്സ് പ്രസിദ്ധീകരിച്ചു. ഹൃദയ കവാടം തുറക്കുമ്പോൾ (കവിത) ഒരു അമേരിക്കൻ മലയാളിയുടെ ജീവിത നിരീക്ഷണങ്ങൾ (ലേഖനം) എന്നിവ തൃശ്ശൂർ മംഗളോദയം ഗ്രീൻ ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

മോളി ജോർജ്ജാണ് ഭാര്യ. ജെയിംസ്, ജയ്സൻ, ജസ്റ്റിൻ എന്നിവർ മക്കളും.




# മനുഷ്യസ്നേഹത്തിന്റെ ചുവടുകൾ: ന്യൂയോർക്കിൽ ശ്രദ്ധേയമായി ലൈഫ് ആൻഡ് ലിംബ് അവബോധ സായാഹ്നം





ന്യൂയോർക്ക്: കൃത്രിമക്കാൽ എന്നത് നഷ്ടപ്പെട്ട അവയവത്തിന് പകരം വയ്ക്കുന്ന സാങ്കേതിക ഉപകരണം മാത്രമല്ല; അത് ഒരാളുടെ ആത്മാഭിമാനവും ആത്മവിശ്വാസവും തൊഴിലെടുക്കാനുള്ള കഴിവും കുടുംബത്തിന്റെ പ്രതീക്ഷയും ഭാവിയെക്കുറിച്ച് സ്വപ്നം കാണാൻ വീണ്ടും പ്രേരിപ്പിക്കുന്നതുമായ പുതിയ തുടക്കമാണെന്ന ശക്തമായ സന്ദേശമാണ് ന്യൂയോർക്കിൽ സംഘടിപ്പിച്ച 'ലൈഫ് & ലിംബ് അവെയർനസ് ഡിന്നർ നൈറ്റ്' ലോകത്തിനു മുന്നിൽ ഉയർത്തിക്കാട്ടിയത്. പ്രവാസി ഇന്ത്യക്കാരും അമേരിക്കൻ സമൂഹത്തിലെ പ്രമുഖരും ഡോക്ടർമാരും ആരോഗ്യ വിദഗ്ധരും സാമൂഹിക പ്രവർത്തകരും മത-സാമൂഹിക നേതാക്കളും മാധ്യമപ്രവർത്തകരും ജീവകാരുണ്യ പ്രവർത്തകരും പങ്കെടുത്ത പരിപാടി വെറും ഫണ്ട് ശേഖരണ വേദിയല്ലാതെ, മനുഷ്യസ്നേഹത്തിന്റെയും സാമൂഹിക ഉത്തരവാദിത്തത്തിന്റെയും അപൂർവ സംഗമമായി മാറി. 'ഇന്ന് നിങ്ങൾ ഇവിടെ എത്തിയത് ഒരാളുടെ ജീവിതം മാറ്റിമറിക്കുന്ന ദൗത്യത്തിന്റെ ഭാഗമാകാനാണ്' എന്ന സ്വാഗത സന്ദേശം പരിപാടിയുടെ

ആത്മാവായി മാറി.

അമേരിക്കയിലും ഇന്ത്യയിലും രജിസ്റ്റർ ചെയ്ത ലാഭേച്ഛയില്ലാത്ത സംഘടനയായ ലൈഫ് ആൻഡ് ലിംബിന്റെ തുടക്കം 2011-ൽ സ്ഥാപകൻ ജോൺസൺ സാമുവൽ അംഗഭംഗം സംഭവിച്ച ഒരു വ്യക്തിയെയും കുടുംബത്തെയും നേരിൽ കണ്ട അനുഭവത്തിലൂടെയായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഒരു മനുഷ്യൻ ജീവിതകാലം മുഴുവൻ വീൽചെയറിലോ കിടക്കയിലോ ഒതുങ്ങിപ്പോകരുതെന്ന ഉറച്ച തീരുമാനമാണ് ഇത്തരമൊരു സംഘടനയുടെ രൂപീകരണത്തിന് വഴിവെച്ചത്. 2014-ൽ തിരുവനന്തപുരം കേന്ദ്രമാക്കി വെറും 20 കൃത്രിമക്കാലുകൾ വിതരണം ചെയ്താണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് പൊതുജനങ്ങളുടെ പിന്തുണയോടെ പ്രവർത്തനം അതിവേഗം വ്യാപിക്കുകയും ഇന്നുവരെ 385 ഗുണഭോക്താക്കൾക്ക് 414 ലോകോത്തര നിലവാരമുള്ള കൃത്രിമക്കാലുകൾ പൂർണമായും സൗജന്യമായി ലഭ്യമാക്കുകയും ചെയ്തു. ഏകദേശം 2,000 അമേരിക്കൻ ഡോളർ ചെലവുവരുന്ന ഓരോ കൃത്രിമക്കാലിനെയും സംഘടന ചെലവായി കാണുന്നില്ല; ഒരു മനുഷ്യന്റെ ജീവിതത്തിലേക്കുള്ള നിക്ഷേപമായാണ് കാണുന്നത്. ലോകത്തിലെ പ്രമുഖ പ്രോസ്തറ്റിക് നിർമ്മാതാക്കളിലൊരാളായ ഓട്ടോബോക്കുമായി സഹകരിച്ചാണ് ഉപകരണങ്ങൾ നിർമ്മിക്കുന്നത്. 2023-ൽ ഇന്ത്യയിൽ ആരംഭിച്ച സ്വന്തം പ്രോസ്തറ്റിക് ക്ലിനിക്കിലൂടെ അസംബ്ലിംഗ്, ഫിറ്റിംഗ്, സർവീസിംഗ്, പുനരധിവാസ പരിശീലനം, മനഃശാസ്ത്ര കൗൺസലിംഗ് എന്നിവയും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.







പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തിയ ഡോ. ബേബി സാം ഒരു കൃത്രിമക്കാൽ ഒരാളുടെ നടപ്പ് മാത്രമല്ല, അദ്ദേഹത്തിന്റെ അന്തസ്സും തൊഴിലെടുക്കാനുള്ള കഴിവും കുടുംബത്തെ സംരക്ഷിക്കാനുള്ള അവസരവും ജീവിതത്തെ വീണ്ടും സ്വപ്നം കാണാനുള്ള ധൈര്യവും തിരികെ നൽകുന്നുവെന്ന് പറഞ്ഞു. 2026-ൽ കുറഞ്ഞത് 100 പേർക്ക് അത്യാധുനിക കൃത്രിമക്കാലുകൾ സൗജന്യമായി നൽകുക എന്നതാണ് സംഘടനയുടെ ലക്ഷ്യമെന്നും അദ്ദേഹം അറിയിച്ചു. 'ഞാൻ ഉള്ളത് നമ്മൾ ഉള്ളതു

കൊണ്ടാണ്’ എന്ന ആഫ്രിക്കൻ ദാർശനിക ആശയം ഉദ്ധരിച്ചുകൊണ്ട് പരസ്പര സഹവർത്തിത്വത്തിന്റെ സന്ദേശവും അദ്ദേഹം പങ്കുവച്ചു.

പരിപാടിയിലെ ഏറ്റവും ഹൃദയസ്പർശിയായ നിമിഷം അംഗഭംഗം സംഭവിച്ചവരുടെ കൂട്ടായ്മയുടെ പ്രവർത്തകനായ സണ്ണി കുരിയാക്കോസ് തന്റെ ജീവിതാനുഭവം പങ്കുവെച്ചപ്പോഴായിരുന്നു. മസ്കറ്റിൽ ജോലി ചെയ്തിരുന്ന കാലത്ത് ഉണ്ടായ അപകടത്തിൽ ഒരു കാൽ നഷ്ടപ്പെട്ടതും പിന്നീട് കേരളത്തിലെ അംഗഭംഗം സംഭവിച്ചവരെ കണ്ടെത്തി മാനസികമായി പിന്തുണയ്ക്കാൻ ഇറങ്ങിയതും അദ്ദേഹം വിവരിച്ചു. ലൈഫ് ആൻഡ് ലിംബുമായി പരിചയപ്പെട്ട ശേഷമാണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ലോകോത്തര നിലവാരമുള്ള കൃത്രിമക്കാലുകൾ സൗജന്യമായി ലഭ്യമാക്കാൻ കഴിയുമെന്ന് മനസ്സിലാക്കിയതെന്നും ‘പലരും പേരിനുവേണ്ടി കാലുകൾ നൽകുന്നു; പക്ഷേ ലൈഫ് ആൻഡ് ലിംബ് നൽകുന്നത് ജീവിതമാണ്’ എന്ന അദ്ദേഹത്തിന്റെ വാക്കുകൾ സദസ്സിനെ ആഴത്തിൽ സ്പർശിക്കുകയും ചെയ്തു. സമയബന്ധിതമായി സഹായം ലഭിക്കാതിരുന്നതിനാൽ ആത്മഹത്യ ചെയ്ത ഒരു യുവാവിന്റെ കഥ പങ്കുവെച്ച അദ്ദേഹം, ഒരു കൃത്രിമക്കാൽ ശരീരത്തിന് മാത്രമല്ല, ഒരാളുടെ ജീവനെയും പ്രതീക്ഷയെയും രക്ഷിക്കാനാകുമെന്ന് ഓർമ്മിപ്പിച്ചു. വേദിയിൽ പ്രദർശിപ്പിച്ചിരുന്ന കൃത്രിമക്കാലിലേക്ക് വിരൽചൂണ്ടി ‘ഇത് സ്വന്തമാക്കണമെന്ന് ആഗ്രഹിക്കുന്നത് ഇവിടെ ഞാൻ മാത്രമായിരിക്കും; പക്ഷേ നിങ്ങൾക്ക് ഓരോരുത്തർക്കും മറ്റൊരാൾക്ക് ഇത്തരമൊരു കാൽ സമ്മാനിക്കാൻ കഴിയും’ എന്ന അദ്ദേഹത്തിന്റെ വാക്കുകൾക്ക് എഴുന്നേറ്റ് നിന്നുള്ള കരഘോഷമാണ് സദസ്സ് മറുപടി നൽകിയത്.







തുടർന്ന് പ്രദർശിപ്പിച്ച വീഡിയോയിൽ വിദ്യാർത്ഥികൾ, മത്സ്യത്തൊഴിലാളികൾ, കൂലിപ്പണിക്കാർ, കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന തൊഴിലാളികൾ തുടങ്ങി നിരവധി ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഒരു കൃത്രിമക്കാൽ സൃഷ്ടിച്ച മാറ്റങ്ങൾ അവതരിപ്പിച്ചു. ന്യൂയോർക്ക് സമൂഹനേതാവ് നോഹാ ജോർജ് ലൈഫ് ആൻഡ് ലിംബ് ഒരു സാധാരണ ചാരിറ്റി സംഘടനയല്ലെന്നും ഒരു വ്യക്തിയുടെ ജീവിതം മാറ്റുന്നതിലൂടെ കുടുംബത്തെയും സമൂഹത്തെയും മാറ്റുന്ന പ്രസ്ഥാനമാണിതെന്നും പറഞ്ഞു. മൗണ്ട് സിനായ് ഹെൽത്ത് സിസ്റ്റത്തിന്റെ ഡയറക്ടർ ഡോ.
















ഷെറിൻ എബ്രഹാം 'നാളെ രാവിലെ ഒരു കാൽ ഇല്ലാതെ ഉണർന്നാൽ?' എന്ന ചോദ്യത്തിലൂടെ അംഗഭംഗം സംഭവിച്ചവരുടെ യാഥാർഥ്യത്തെക്കുറിച്ച് സദസ്സിനെ ചിന്തിപ്പിച്ചു. പരിപാടിയിൽ സന്ദേശം നൽകിയ സഭാ ശുശ്രൂഷകൻ നല്ല ശമര്യക്കാരന്റെ ഉപമ ഓർമ്മിപ്പിച്ചുകൊണ്ട് ജീവിതയാത്രയിൽ ഒരാളെയെങ്കിലും സഹായിക്കാൻ നാം തയ്യാറാകണമെന്ന സന്ദേശം നൽകി.

പൊതുജനാരോഗ്യ പ്രവർത്തകരും വിവിധ സാമൂഹിക സംഘടനകളുടെ പ്രതിനിധികളും ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രതിനിധികളും ഉൾപ്പെടെ നിരവധി പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു. വേൾഡ് മലയാളി ഫെഡറേഷൻ ഈ വർഷം കുറഞ്ഞത് ഒരു കൃത്രിമക്കാലിന്റെ മുഴുവൻ ചെലവും ഏറ്റെടുക്കുമെന്ന് ഗ്ലോബൽ പ്രസിഡന്റ് ഡോ.ആനി ലിബു പ്രഖ്യാപിച്ചു. വേൾഡ് മലയാളി കൗൺസിൽ ചെയർമാൻ തോമസ് മൊട്ടയ്ക്കൽ, മാധവൻ നായർ, ബിജു ചാക്കോ തുടങ്ങി ഒട്ടേറെ പ്രമുഖരും പിന്തുണ അറിയിച്ചു. തന്റെ പ്രസിഡൻസിയിൽ കൈകോർത്തത്തിൽ ഏറ്റവും ഹൃദയസ്പർശിയായി തോന്നിയ പ്രൊജക്റ്റാണ് 'ലൈഫ് ആൻഡ് ലിംബുമായി' ചേർന്ന് കേരള കൺവൻഷന്റെ ഭാഗമായി കൃത്രിമക്കാലുകൾ വിതരണം ചെയ്യാൻ സാധിച്ചതാണെന്നും ഇനിയും ഈ ബന്ധം തുടരുമെന്നും ഫൊ







ക്കാന പ്രസിഡന്റ് സജിമോൻ ആന്റണി വ്യക്തമാക്കി.

പോൾ കറുകപ്പള്ളി സമ്മേളനത്തിന് ചുക്കാൻ പിടിക്കുകയും ആശംസകൾ നേരുകയും ചെയ്തു. സുനിൽ ട്രൈസ്റ്റാർ ആശംസ നേർന്നു

'ഒരു ഡോളർ നൽകിയ ആളും അമ്പതിനായിരം ഡോളർ നൽകിയ ആളും ഞങ്ങൾക്ക് ഒരുപോലെയാണ്; അളക്കപ്പെടുന്നത് തുകയല്ല, മനുഷ്യസ്നേഹമാണ്' എന്ന സംഘാടകരുടെ സമാപന സന്ദേശം പരിപാടിയുടെ യഥാർഥ ലക്ഷ്യം വ്യക്തമാക്കുന്നതായിരുന്നു. 2011-ൽ ഒരാളുടെ വേദനയിൽ നിന്ന് ജനിച്ച ജോൺസൺ സാമുവലിന്റെ സ്വപ്നം ഇന്ന് രാജ്യാതിർത്തികൾ കടന്ന് നൂറുകണക്കിന് കുടുംബങ്ങളുടെ ജീവിതം മാറ്റുന്ന ആഗോള മാനവിക പ്രസ്ഥാനമായി വളർന്നിരിക്കുന്നു.ഇരുന്നൂറില്പരം മനുഷ്യസ്നേഹികൾ പങ്കെടുത്ത അവെയർനസ് ഡിന്നർ സംഘടനയുടെ പ്രതീക്ഷ ഉയർത്തുകയാണ്. ശരീരത്തിലെ ഒരു നഷ്ടം നികത്തുന്നതിലുപരി തകർന്നുപോയ ആത്മവിശ്വാസവും കുടുംബങ്ങളുടെ പ്രതീക്ഷയും പുനർനിർമിക്കുകയാണ് ലൈഫ് ആൻഡ് ലിംബ് ചെയ്യുന്നത് എന്ന തിരിച്ചറിവോടെയാണ് ന്യൂയോർക്കിലെ ആ സായാഹ്നം അവസാനിച്ചത്. ഈ വർഷം കുറഞ്ഞത് നൂറ് കൃത്യമ കാലുകൾ നൽകാനാണ് സംഘ



































Dinner


















LIFE&
























# Save $894.*
# Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States**
**NY, NJ, PA, & CT.**

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

# പിസിനാക് കോൺഫെറൻസിന് വലിയ ജനക്കൂട്ടം




**കുര്യൻ ഫിലിപ്പ്**

നാഷണൽ മീഡിയ

കോർഡിനേറ്റർ

ചിക്കാഗോ: നാൽപതാമത് പിസിനാക് കോൺഫറൻസിന് ചിക്കാഗോയിൽ ഉജ്ജ്വല തുടക്കം. നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. നമ്മുടെ വിശ്വാസവും നാം പിന്തുടരുന്ന ഉപദേശവും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുവാൻ നാം ഏറെ ശ്രദ്ധയുള്ളവരാകണം എന്ന് ഉദ്ഘാടന പ്രസംഗത്തിൽ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ ഉൽബോധിപ്പിച്ചു. ഡോ ടൈറ്റസ് ഈപ്പന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സ്വാഗതം പറഞ്ഞു. പാസ്റ്റർ ജെയിംസ് വർഗീസ് സങ്കീർത്തന ധ്യാനം നടത്തി. പാസ്റ്റർമാരായ ജോൺ തോമസ്, ടി എസ് കപ്പമാമൂട്ടിൽ, യോഹന്നാൻ ജോർജ്, പാസ്റ്റർ സ്റ്റാൻലി ജോസഫ് എന്നിവർ പ്രാർത്ഥന നടത്തി. ലോഡ്സൺ ആന്റണിയുടെ നേതൃത്വത്തിൽ പ്രെയ്സ് ആൻഡ് വർഷിപ്പ് നടന്നു. ഡോക്ടർ ടിങ്കു തോംസണും പ്രസംഗിച്ചു. ലോകത്തിലെ ഏറ്റവും വലിയ സഭകളിൽ ഒന്നായ ഹൈദരാബാദിലെ കാൽവറി ടെമ്പിൾ സഭയുടെ സീനിയർ ശുശ്രൂഷകൻ ഡോ സതീഷ് കുമാറിനെ

പാസ്റ്റർ ഷാജി കെ ഡാനിയൽ സദസിന് പരിചയപ്പെടുത്തി. ഈ രാജ്യത്ത് നാം എത്തിച്ചേർന്നിരിക്കുന്നത് കേവലം ധനസമ്പാദനത്തിനു വേണ്ടി മാത്രമല്ല ദൈവം ഏൽപ്പിച്ചിരിക്കുന്ന ദൗത്യം വിശ്വസ്തതയോടെ ചെയ്യുവാൻ ആണെന്ന് ഡോക്ടർ സതീഷ് കുമാർ പ്രസ്താവിച്ചു. പാസ്റ്റർ ലേവി ചെറിയാൻ പരിഭാഷ നിർവഹിച്ചു. തലമുറയിൽ നിന്ന് തലമുറയിലേക്ക് എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി ഷേർലി ചിക്കാഗോ എഴുതിയ തീം സോങ് സമ്മേളനത്തിൽ അവതരിപ്പിച്ചു.

പ്രഥമരാത്രിയിൽ തന്നെ വലിയ ജനക്കൂട്ടം സമ്മേളനത്തിൽ പങ്കെടുത്തു. ഇംഗ്ലീഷ് വിഭാഗത്തിലും മലയാളം വിഭാഗത്തിലുമായി അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഇന്ത്യയിൽ നിന്നും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നുമായി അനേകർ പങ്കെടുത്തു കൊണ്ടിരിക്കുന്ന കൺവെൻഷൻ ഞായറാഴ്ച ഉച്ചയോടെ സമാപിക്കും. യുവജനങ്ങൾ മുഖ്യമായും പങ്കെടുക്കുന്ന ഇംഗ്ലീഷ് സെഷനിൽ ഡോക്ടർ ജോൺ ബിവിയർ മുഖ്യപ്രസംഗികനായിരുന്നു. യുവജനങ്ങളുടെ വലിയ പങ്കാളിത്തം ഇംഗ്ലീഷ് സെഷനിൽ ദൃശ്യമാണ്.

ദിവസവും രാവിലെ എട്ടര മണിക്ക് സമ്മേളന പരിപാടികൾ ആരംഭിക്കും. വൈകിട്ട് പതിനൊന്നരയോടെ നടക്കുന്ന കാത്തിരിപ്പ് യോഗത്തോടെയാണ് ഓരോ ദിവസത്തെയും പരിപാടികൾ അവസാനിക്കുന്നത്.

## മുഖ്യമന്ത്രിയുടെ സന്ദേശം

സ്വന്ത നാടും വീടും വിട്ട് അമേരിക്കയിൽ താമസിക്കുമ്പോഴും യേശുക്രിസ്തു പഠിപ്പിച്ച മാർഗങ്ങളും അചഞ്ചലമായ വിശ്വാസവും മുറുകെപ്പിടിച്ച് ജീവിക്കുന്ന ദൈവമക്കളായ നിങ്ങളെക്കുറിച്ച് അഭിമാനമുണ്ടെന്ന് കേരള മുഖ്യമന്ത്രി വി. ഡി സതീശൻ നാല്പതാമത് പിസിനാക് കോൺഫറൻസിന് നൽകിയ ആശംസ സന്ദേശത്തിൽ പറഞ്ഞു. ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവും ആകുന്നു അത് വസ്ത്രത്തിന്റെ വിളമ്പിലേക്ക് നീണ്ടുകിടക്കുന്ന താടിയിലേക്ക് തന്നെ ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലം പോലെയും സിയോൺ പർവ്വതത്തിൽ പെയ്യുന്ന ഹെർമോന്യ മഞ്ഞു പോലെയും ആകുന്നു. അവിടെയെല്ലാ യഹോവ അനുഗ്രഹവും ശാശ്വതവുമായുള്ള ജീവനും കൽപ്പിച്ചിരിക്കുന്നത് എന്ന് 133 മത്തെ സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നത് പോലെ നിങ്ങളുടെ കൂട്ടായ്മകൾ മനുഷ്യ മോചനത്തിനും വീണ്ടെടുപ്പിനുമായി തീരട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. പ്രവാസജീവിതം നയിക്കുന്ന നിങ്ങളുടെ പൈതൃകവും പാരമ്പര്യവും സംസ്കാരവും നിലകൊള്ളുന്ന കേരളത്തിന്റെ അഭിവൃദ്ധിയ്ക്കും ഐശ്വര്യത്തിനും ആയി പ്രാർഥനയും സഹകരണവും പ്രതീക്ഷിക്കുന്നതായി അദ്ദേഹം ആശംസ സന്ദേശത്തിൽ സൂചിപ്പിച്ചു കൺവെൻഷന് എല്ലാവിധ നന്മകളും അനുഗ്രഹങ്ങളും നേരുന്നു എന്നോടൊപ്പം ദൈവത്തിന്റെ അനുഗ്രഹം നിങ്ങൾക്ക് ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതായും അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു.

കേരള മുഖ്യമന്ത്രിയുടെ ആശംസ സന്ദേശം നാഷണൽ മീഡിയ കോർഡിനേറ്റർ കുര്യൻ ഫിലിപ്പ് ഉദ്ഘാടന സമ്മേളനത്തിൽ വായിച്ചു.



# അറുപത് വയസിനു ശേഷം അമേരിക്കൻ മലയാളികളുടെ ജീവിതം

## അമേരിക്കയിൽ തുടരണമോ? ഇന്ത്യയിലേക്ക് മടങ്ങണമോ?



### ഒരു ആത്മപരിശോധനയും ജീവിത മാർഗ്ഗദർശനവും



സജി കരിമ്പന്നൂർ

അറുപത് വയസ്സ് ജീവിതത്തിന്റെ അന്ത്യമല്ല; മറിച്ച് അനുഭവസമ്പത്തിന്റെ പുതിയൊരു അധ്യായത്തിന്റെ തുടക്കമാണ്. അമേരിക്കയിൽ വർഷങ്ങളോളം കഠിനാധ്വാനം ചെയ്ത് കുടുംബത്തെ വളർത്തിയ മലയാളികൾക്ക് വിരമിക്കൽ ഒരു സാമ്പത്തിക തീരുമാനം മാത്രമല്ല. ആരോഗ്യം, വിശ്വാസം, കുടുംബം, ഭാവി, ജന്മനാട്, നിത്യജീവിതം എന്നിവയെക്കുറിച്ചുള്ള ഗൗരവമായ ചിന്തയുടെ കാലഘട്ടം കൂടിയാണ് അത്.

## സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക

വിരമിക്കുന്നതിന് മുമ്പ് സോഷ്യൽ സെക്യൂരിറ്റി, പെൻഷൻ, 401 (k), IRA, മറ്റ് നിക്ഷേപങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകണം. കടബാധ്യതകൾ പരമാവധി കുറയ്ക്കുകയും അടിയന്തര ആവശ്യങ്ങൾക്കുള്ള ഒരു ഫണ്ട് ഒരുക്കുകയും വേണം. വരുമാനത്തേക്കാൾ ചെലവ് കൂടാതിരിക്കാൻ ശ്രദ്ധിക്കുക. സാമ്പത്തിക സ്വാതന്ത്ര്യമാണ് ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള അടിത്തറ.

## ആരോഗ്യം ഏറ്റവും വലിയ സമ്പത്ത്

വയസ്സ് കൂടുന്തോറും ആരോഗ്യസംരക്ഷണത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്നു. മെഡിക്കെയർ, മെഡിക്കൽ ഇൻഷുറൻസ്, സ്ഥിരമായ ആരോഗ്യപരിശോധനകൾ, ആരോഗ്യകരമായ ഭക്ഷണക്രമം, വ്യായാമം എന്നിവ ജീവിതത്തിന്റെ ഭാഗമാക്കണം. ആരോഗ്യം നഷ്ടപ്പെട്ടാൽ സമ്പത്തിന് വലിയ വിലയില്ല.

## ഇന്ത്യയിലേക്ക് മടങ്ങണോ?

ജന്മനാടിന്റെ മണ്ണും ബന്ധുക്കളും ഭാഷയും സംസ്കാരവും



**ജന്മനാടിന്റെ മണ്ണും ഓർമ്മകളും മനസ്സിന് പുതിയ ഊർജം നൽകും. അതോടൊപ്പം, സാമ്പത്തിക ശേഷിക്കനുസരിച്ച് ലോകത്തിലെ മനോഹരമായ രാജ്യങ്ങൾ സന്ദർശിക്കാനും സമയം കണ്ടെത്തുക. യാത്രകൾ ജീവിതാനുഭവങ്ങളെ സമ്പന്നമാക്കും.**

പലരെയും ആകർഷിക്കും. എന്നാൽ മടങ്ങുന്നതിന് മുമ്പ് ആരോഗ്യസൗകര്യങ്ങൾ, സാമ്പത്തിക സുരക്ഷ, മക്കളിൽ നിന്നുള്ള അകലം, കാലാവസ്ഥ, ജീവിതരീതി എന്നിവയെക്കുറിച്ച് ആലോചിക്കേണ്ടതാണ്. സ്ഥിരമായി മടങ്ങാൻ തീരുമാനിക്കുന്നതിന് മുമ്പ് കുറച്ച് മാസങ്ങൾ അവിടെ താമസിച്ച് അനുഭവം വിലയിരുത്തുന്നതും നല്ലതാണ്.

## അമേരിക്കയിൽ തുടരുന്നതിന്റെ ഗുണങ്ങൾ

മക്കളുടെയും കൊച്ചുമക്കളുടെയും സമീപം കഴിയാം. മികച്ച ആരോഗ്യസൗകര്യങ്ങൾ, മെഡിക്കെയർ, സോഷ്യൽ സെക്യൂരിറ്റി, സീനിയർ കമ്മ്യൂണിറ്റികൾ, സജീവമായ മലയാളി -സഭാ സമൂഹം എന്നിവയും വലിയ പിന്തുണയാണ്. ഏകാന്തത ഒഴിവാക്കാൻ സുഹൃത്തുക്കളുമായും സമൂഹവുമായും സജീവബന്ധം നിലനിർത്തുക.

## ആത്മീയ ജീവിതത്തിന് കൂടുതൽ സമയം

വിരമിക്കൽ ദൈവത്തോട് കൂടുതൽ അടുക്കാനുള്ള അനുഗ്രഹീതമായ അവസരമാണ്. പ്രാർത്ഥന, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിൽ കൂടുതൽ സമയം ചെലവഴിക്കുക. ജീവിതത്തിന്റെ യഥാർത്ഥ സമാധാനം ദൈവവിശ്വാസത്തിലാണ്.

“ഞങ്ങളുടെ ദിവസങ്ങളെ എണ്ണുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ; ജ്ഞാനമുള്ള ഹൃദയം ഞങ്ങൾ പ്രാപിക്കേണ്ടതിന്നു.” (സങ്കീർത്തനം 90:12)

## വിൽ എഴുതുക സ്നേഹത്തിന്റെ അവസാന ഉത്തരവാദിത്വം

ജീവിതത്തിന്റെ അവസാന ഘട്ടത്തെക്കുറിച്ച് മുൻകൂട്ടി ആസൂത്രണം ചെയ്യുന്നത് കുടുംബത്തോടുള്ള ഉത്തരവാദിത്വമാണ്. വ്യക്തമായ ഒരു Will തയ്യാറാക്കുക. പവർ ഓഫ് അറ്റോർണി, ഹെൽത്ത് കെയർ ഡയറക്ടീവ്, ബാങ്ക് വിവരങ്ങൾ, സ്വത്ത് വിഭജനം, സംസ്കാര ചടങ്ങുകളെക്കുറിച്ചുള്ള ആഗ്രഹങ്ങൾ എന്നിവ കുടുംബാംഗങ്ങൾക്ക് അറിയാവുന്ന രീതിയിൽ രേഖപ്പെടുത്തുക. ഇത് മരണഭയത്തിന്റെ അടയാളമല്ല; കുടുംബത്തോടുള്ള സ്നേഹത്തിന്റെയും പക്വതയുടെയും പ്രകടനമാണ്.

## ഇന്ത്യ സന്ദർശിക്കുക... ലോകവും കാണുക

വിരമിച്ചതുകൊണ്ട് ജീവിതം വീട്ടിനുള്ളിൽ ഒതുക്കരുത്. വർഷത്തിൽ ഒരിക്കലെങ്കിലും ഇന്ത്യയിൽ പോയി ബന്ധുക്കളെയും സുഹൃത്തുക്കളെയും കാണുക. ജന്മനാടിന്റെ മണ്ണും ഓർമ്മകളും മനസ്സിന് പുതിയ ഊർജം നൽകും. അതോടൊപ്പം, സാമ്പത്തിക ശേഷിക്കനുസരിച്ച് ലോകത്തിലെ മനോഹരമായ രാജ്യങ്ങൾ സന്ദർശിക്കാനും സമയം കണ്ടെത്തുക. യാത്രകൾ ജീവിതാനുഭവങ്ങളെ സമ്പന്നമാക്കും.

**മെഡിക്കെയർ, മെഡിക്കൽ ഇൻഷുറൻസ്, സ്ഥിരമായ ആരോഗ്യപരിശോധനകൾ, ആരോഗ്യകരമായ ഭക്ഷണക്രമം, വ്യായാമം എന്നിവ ജീവിതത്തിന്റെ ഭാഗമാക്കണം. ആരോഗ്യം നഷ്ടപ്പെട്ടാൽ സമ്പത്തിന് വലിയ വിലയില്ല.**



## ഇഷ്ടങ്ങൾ സാക്ഷാത്കരിക്കൂ... പക്ഷേ ബജറ്റിനുള്ളിൽ

ജീവിതകാലം മുഴുവൻ മറ്റുള്ളവർക്കുവേണ്ടി ജീവിച്ച ശേഷം, സ്വന്തം ചെറിയ ആഗ്രഹങ്ങൾക്കും വില നൽകുക. സ്വപ്നം കണ്ടിരുന്ന ഒരു കാർ വാങ്ങാം, ഒരു നല്ല ക്യാമറയോ പുസ്തകശേഖരമോ ഒരുക്കാം. എന്നാൽ ഓരോ തീരുമാനവും നിങ്ങളുടെ വരുമാനത്തിനും ബജറ്റിനും അനുസരിച്ചായിരിക്കണം. വിരമിക്കലിൽ കടബാധ്യതയല്ല, മനസ്സമാധാനമാണ് ഏറ്റവും വലിയ സമ്പത്ത്.

## വീട്ടുമുറ്റം ഒരു സ്വർഗമാക്കാം

വീട്ടുമുറ്റത്ത് ഒരു ചെറിയ പച്ചക്കറിത്തോട്ടമോ പൂന്തോട്ടമോ ഒരുക്കുക. മാമ്പഴം, പ്ലാവ്, നാരകം, കറിവേപ്പില, പച്ചക്കറികൾ എന്നിവ നട്ടുവളർത്തുക. മണ്ണിനോടും പ്രകൃതിയോടും ചേർന്നുള്ള ജീവിതം ശരീരത്തിനും മനസ്സിനും ഒരുപോലെ ആരോഗ്യം നൽകും.

## ഒരു വളർത്തുമൃഗം ജീവിതത്തിന് കൂട്ടാകട്ടെ

ഒരു നായ, പൂച്ച, അല്ലെങ്കിൽ പക്ഷി എന്നിവയെ വളർത്തുന്നത് വിരമിച്ച ജീവിതത്തിലെ ഏകാന്തത കുറയ്ക്കാൻ സഹായിക്കും. അവ സ്നേഹവും സന്തോഷവും നൽകുന്ന നല്ല കൂട്ടുകാരാണ്. പഠനങ്ങൾ പോലും വളർത്തുമൃഗങ്ങൾ മാനസിക സമ്മർദ്ദം കുറയ്ക്കുമെന്ന് കാണിക്കുന്നു.



## ഒറ്റപ്പെടലിൽ നിന്ന് മാറിനിൽക്കുക

സുഹൃത്തുക്കളുമായി ഇടപഴകുക, വായനയും എഴുത്തും ശീലമാക്കുക, സംഗീതം ആസ്വദിക്കുക, സന്നദ്ധസേവനങ്ങളിൽ പങ്കെടുക്കുക, കൊച്ചുമക്കളോടൊപ്പം സമയം ചെലവഴിക്കുക. വിരമിക്കൽ വിശ്രമത്തിന്റേതാണ്, ഒറ്റപ്പെടലിന്റേതല്ല.

വിരമിക്കൽ ജീവിതത്തിന്റെ അവസാനമല്ല; സമാധാനത്തോടെയും ജ്ഞാനത്തോടെയും ജീവിക്കാനുള്ള പുതിയ തുടക്കമാണ്. അമേരിക്കയിൽ തുടരണമോ, ഇന്ത്യയിലേക്ക് മടങ്ങണമോ എന്ന തീരുമാനം ഓരോ കുടുംബത്തിന്റെയും സാഹചര്യങ്ങൾ അനുസരിച്ചായിരിക്കണം. എന്നാൽ എവിടെയായിരുന്നാലും ദൈവവിശ്വാസവും കുടുംബസ്നേഹവും സാമ്പത്തിക അച്ചടക്കവും ആരോഗ്യപരിപാലനവും ജീവിതത്തെ സമ്പന്നമാക്കും.

അവസാനം നമ്മൾ വിട്ടുപോകുന്നത് സമ്പത്തല്ല; സ്നേഹവും വിശ്വാസവും നല്ല ഓർമ്മകളുമാണ്. അതാണ് നമ്മുടെ മക്കൾക്കും സമൂഹത്തിനും നാം നൽകുന്ന ഏറ്റവും വലിയ പാരമ്പര്യം.


Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# ഐസിഇസിഎച്ച് ക്രിക്കറ്റ് ടൂർണമെന്റ് സമാപിച്ചു; സെന്റ് മേരീസ് സീറോ മലബാർ കാത്തലിക് ചർച്ച് പെയർലാൻഡ് ജേതാക്കൾ




ജീമോൻ റാന്നി (പിആർഓ)

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ (ICECH) സംഘടിപ്പിച്ച 12 - മത് ക്രിക്കറ്റ് ടൂർണമെന്റിന്റെ ഗ്രാൻഡ് ഫൈനൽ മത്സത്തിൽ സെന്റ് മേരീസ് സീറോ മലബാർ കാത്തലിക് ചർച്ച് പെയർലാൻഡ് ജേതാക്കളായി.

ടൂർണമെന്റിന്റെ ഗ്രാൻഡ് ഫൈനലിൽ സെന്റ് മേരീസ് സിറോ മലബാർ പിയർലാൻഡ് ടോസ് നേടി സെൻറ് മേരീസ് മലങ്കര ഓർത്തഡോക്ൾസ് ടീമിനെ ബാറ്റിംഗിന് അയച്ചു. ഫൈനലിലെ 18 ഓവർ മത്സരത്തിൽ സെന്റ് മേരീസ് പെയർലാൻഡിന്റെ കൃത്യമായ ബൗളിങ്ങിനും ഫീൽഡിങ്ങിനും മുമ്പിൽ 14.2 ഓവറിൽ 67 റൺസിന് സെൻറ് മേരീസ് മലങ്കര ഓർത്തഡോക്സ് ടീം പുറത്തായി

തുടർന്ന് ബാറ്റിംഗിന് ഇറങ്ങിയ സെൻറ് മേരീസ് പെയർലാൻഡ് 9 ഓവറിൽ രണ്ടു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. അങ്ങനെ കഴിഞ്ഞ കൊല്ലത്തെ ചാമ്പ്യന്മാരായ സെന്റ് മേരീസ് പിയർ ലാൻഡ് ഈ കൊല്ലവും അവരുടെ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു

ജൂൺ 21 ഞായറാഴ്ച ഉച്ചയ്ക്ക് 2:30ന് സ്റ്റാഫോർഡ് സിറ്റി പാർക്കിലാണ് ഫൈനൽ മത്സരം നടന്നത്.

സ്റ്റാഫോർഡ് സിറ്റി പാർക്കിൽ ഏപ്രിൽ 11 നു തുടക്കം കുറിച്ച് മൂന്നു മാസങ്ങൾ നീണ്ടു നിന്ന 14 ടീമുകൾ പങ്കെടുത്ത ടൂർണമെന്റിന്റെ ആവേശകരമായ മത്സരങ്ങൾക്ക് ശേഷമാണ് ഇരു ടീമുകളും ഫൈനലിലേക്ക് യോഗ്യത നേടിയത്.




സമ്മാന ദാന ചടങ്ങിൽ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഫോർട്ട് ബെൻഡ് കൗണ്ടി പ്രിസിങ്ക്റ്റ് 3 പോലീസ് ക്യാപ്റ്റൻ മനു പൂപ്പാറയിൽ എന്നിവർ മുഖ്യാതിഥികളായി വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

ടൂർണമെന്റിലെ വിജയികൾക്ക് കെ. കെ. മാത്യു കുറ്റിയിൽ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി സമ്മാനിച്ചു. റണ്ണേഴ്സ് -അപ്പ് ടീമിന് ബിജു ചാലക്കൽ സ്പോൺസർ ചെയ്ത ട്രോഫി സമ്മാനിച്ചു. മറ്റുള്ള ട്രോഫികൾ മുഴുവൻ സ്പോൺസർ ചെയ്തത് ജോർജ് ജോസഫാണ്. (MassMutual Greater Houston)

മാസ്സ് മ്യുച്വൽ, അലാമോ ട്രാവൽസ്, ആൻസ് ഗ്രോസിയേഴ്സ് തുടങ്ങിയവർ സ്പോൻസർമാരായി ടൂർണമെന്റിനെ സഹായിച്ചു. മിൽറ്റ മാത്യു (ആഷാ റേഡിയോ) ടൂർണമെന്റിന് തത്സമയ മീഡിയ കവറേജ് നൽകി.

സെക്രട്ടറി ഷാജൻ ജോർജ് സ്വാഗതമാശംസിച്ചു. സ്പോർട്സ് കൺവീനർ ജിനോ ജേക്കബ് നന്ദി അറിയിച്ചു. മുൻ വൈസ് പ്രസിഡണ്ട് റവ.ഫാ. രാജേഷ് കെ ജോൺ, റവ.ഡീക്കൻ ടോബി ജോൺ, നൈനാൻ വീട്ടിനാൽ, ജോർജ് ജോസഫ്, ജോജി ജോസഫ്, എബി മാത്യു, മിൽറ്റ മാത്യു, ജോൺസൻ ഉമ്മൻ, ജീമോൻ റാന്നി, ബിജു ചാലക്കൽ, അനിൽ വർഗീസ് തുടങ്ങിവർ സമ്മാനദാനം നിർവഹിച്ചു.

കഴിഞ്ഞ വർഷങ്ങളിലെന്ന പോലെ ഈ വർഷവും മികച്ച രീതിയിൽ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ച ക്രിക്കറ്റ് കോർഡിനേറ്റർമാരായ ബിജു ചാലക്കൽ,





അനിൽ വർഗീസ് എന്നിവരെ ഐസിഇസിഎച്ച് കമ്മിറ്റി അഭിനന്ദിച്ചു.

റവ.ഫാ. ഡോ. ഐസക് ബി. പ്രകാശ് (പ്രസിഡണ്ട്) റവ.ഫാ ബിന്നി ഫിലിപ്പ് (വൈസ് പ്രസിഡണ്ട്), ഷാജൻ ജോർജ് (സെക്രട്ടറി) രാജൻ അങ്ങാടിയിൽ (ട്രഷറർ) തുടങ്ങിയരുടെ നേതൃത്വത്തിലുള്ള ഐസിഇസിഎച്ച് കമ്മിറ്റി എല്ലാ പരിപാടികൾക്കും നേതൃത്വം നൽകി വരുന്നു. ഹൂസ്റ്റണിലെ 20 ഇടവകകളുടെ സംയുക്ത കൂട്ടായ്മയാണ് ഐസിഇസിഎച്ച്..

ICECH ക്രിക്കറ്റ് ടൂർണമെന്റ് 2026 വ്യക്തിഗത പുരസ്കാര ജേതാക്കൾ

ടൂർണമെന്റിലെ മികച്ച താരം (Player of the Tournament)

- ജിതിൻ ജേക്കബ് സെന്റ് മേരീസ് സീറോ മലബാർ കാത്തലിക് ചർച്ച്

മികച്ച ബാറ്റ്സ്മാൻ (Best Batsman)

- വിനു വർഗീസ് സെന്റ് മേരീസ് സീറോ മലബാർ കാത്തലിക്ക് ചർച്ച്

മികച്ച ബൗളർ (Best Bowler)

- ജിതിൻ ജേക്കബ് സെന്റ് മേരീസ് സീറോ മലബാർ കാത്തലിക് ചർച്ച്

മികച്ച വിക്കറ്റ് കീപ്പർ (Best Wicket Keeper)

- ഡിനോയ് പൗലോസ് സെന്റ് ജോസഫ് സീറോ മലബാർ ഫൊറോനാ



ടൂർണമെന്റിലെ മികച്ച ക്യാച്ച് (Catch of the Tournament)

- തോമസ് പൗലോസ് സെന്റ് മേരീസ് സിറിയക് ഓർത്തഡോക്സ് ചർച്ച്

റൈസിംഗ് യങ് പ്ലെയർ (Rising Young Player)

- റയാൻ എബ്രഹാം സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച്

നോക്കൗട്ട് ഘട്ടത്തിലെ MVP ജേതാക്കൾ

ക്വാർട്ടർ ഫൈനൽ

ഡിനോയ് പൗലോസ് സെന്റ് ജോസഫ് സീറോ മലബാർ ഫൊറോനാ

വിനു പോൾ സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ്

വിനു വർഗീസ് സെന്റ് മേരീസ് സീറോ മലബാർ കാത്തലിക്

ഷെറിൻ ജോർജ് സെന്റ് തോമസ് ഓർത്തഡോക്സ്

സെമിഫൈനൽ

ബ്ലെസൺ വർഗീസ് സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ്

ജിതിൻ ജേക്കബ് സെന്റ് മേരീസ് സീറോ മലബാർ കാത്തലിക്

ഫൈനൽ

ജിതിൻ ജേക്കബ് സെന്റ് മേരീസ് സീറോ മലബാർ കാത്തലിക്





സ്വർണ്ണം
വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ
അച്ചായൻസ്
തന്നെ



21 Year Legacy of Trust & Quality
SINCE 2005
40+ BRANCHES

KERALA'S NO.1 GOLD BUYER

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം
85900 46 916 | 90613 50 916
www.achayansgold.in

വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)

FREE

FOR SPECIAL
NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

# മാർത്തോമാ ചർച്ച് ഓഫ് ഡാളസ് (ഫാർമേഴ്സ് ബ്രാഞ്ച്) ജൂബിലി ബൈബിൾ കൈയെഴുത്ത് പ്രോജക്റ്റ് ആരംഭിച്ചു



ജീമോൻ റാന്നി

ഡാളസ്: മാർത്തോമാ ചർച്ച് ഓഫ് ഡാളസ് (ഫാർമേഴ്സ് ബ്രാഞ്ച്) ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി രൂപീകരിച്ച 'ഉണർവ്' (Revival Meeting and Study Forum - UNARVU) സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിപുലമായ ആത്മീയ നവീകരണ പരിപാടികൾക്ക് തുടക്കമായി. 'ക്രിസ്തു സഹയാത്രികർ: വിശ്വാസം, പ്രത്യാശ, ദൗത്യം' എന്ന ജൂബിലി ചിന്താവിഷയത്തെ മുൻനിർത്തി ഇടവകാംഗങ്ങളുടെ ആത്മീയ വളർച്ചയും ഐക്യവും ലക്ഷ്യമിട്ടാണ് ഈ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

ജൂൺ, ജൂലൈ മാസങ്ങളിലായി ഇടവകയിലെ വിവിധ പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിന്നുള്ള നാലും അഞ്ചും കുടുംബങ്ങളെ

വീതം ഉൾപ്പെടുത്തി വീടുകളിൽ പ്രത്യേക 'ക്ലസ്റ്റർ പ്രാർത്ഥനായോഗങ്ങൾ' നടന്നുവരുന്നു. ചെറിയ കൂട്ടായ്മകളിലൂടെ കുടുംബങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം ദൃഢമാക്കാനും സഭയുടെയും സമൂഹത്തിന്റെയും വിവിധ ആവശ്യങ്ങൾക്കായി ഒരുമിച്ച് പ്രാർത്ഥിക്കാനും ഈ യോഗങ്ങൾ ഏറെ സഹായകരമാകുന്നുണ്ട്.

സൺഡേ സ്കൂൾ കുട്ടികൾ മുതൽ മുതിർന്ന അംഗങ്ങൾ വരെയുള്ള ആയിരത്തിഅഞ്ഞൂറോളം ഇടവകാംഗങ്ങളുടെ പങ്കാളിത്തത്തോടെ ദൈവവചനം പ്രാർത്ഥനാപൂർവ്വം എഴുതിത്തയ്യാറാക്കുന്ന 'ബൈബിൾ റൈറ്റിംഗ് പ്രോജക്റ്റ്' (Bible Writing Project) വിജയകരമായി മുന്നേറുന്നു. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലാണ് വിശുദ്ധ ഗ്രന്ഥം പകർത്തിയെഴുതുന്നത്. 2026 ജൂൺ 9-ാം തീയതി സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്ത ഡോ. യൂയാക്കിം മാർ കൂറിലോസ് തിരുമേനി ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

സാങ്കേതികവിദ്യയുടെ ഈ ആധുനിക യുഗത്തിലും ദൈവവചനം സ്വന്തം കൈപ്പടയിൽ എഴുതി ഹൃദയങ്ങളിൽ പതിപ്പിക്കുവാനുള്ള ഈ സംരംഭം, വരുംതലമുറകൾക്ക് വിശ്വാസത്തിന്റെ വലിയൊരു സാക്ഷ്യമായി മാറുമെന്നും, ജൂബിലി സ്മാരകമായി ഒരുങ്ങുന്ന ഈ വിശുദ്ധ ഗ്രന്ഥം ഇടവകയുടെ ആത്മീയ ഐക്യത്തിന്റെയും സമർപ്പണത്തിന്റെയും മകുടോദാഹരണമായി നിലകൊള്ളുമെന്നും ഭാരവാഹികൾ അറിയിച്ചു. ഇടവകയിലെ ഇളംതലമുറയ്ക്ക് വലിയൊരു നവാനുഭവമായി മാറിയ ഈ ബൈബിൾ പ്രോജക്റ്റ് ഓഗസ്റ്റ് ആദ്യവാരം നടക്കുന്ന ജൂബിലി സമാപന സമ്മേളനത്തിന് മുൻപായി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി, ദൈവവചനം ആവശ്യമുള്ളവരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ യുടെ സഹകരണത്തോടുകൂടി ഇന്ത്യയിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ വിശുദ്ധ ബൈബിൾ സൗജന്യമായി വിതരണം ചെയ്യുന്ന ഒരു മാതൃകാപരമായ ദൗത്യവും 'ഉണർവ്' സബ് കമ്മിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഇടവകാംഗങ്ങളുടെ അകമഴിഞ്ഞ സഹകരണത്തോടെയാണ് ഈ ബൈബിൾ വിതരണ പദ്ധതി നടപ്പിലാക്കുന്നത്.



NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ലാഹോർ മിൻഹാജ് സർവകലാശാലയിൽ അന്താരാഷ്ട്ര മത സമ്മേളനത്തിലേക്ക് മുഖ്യ പ്രഭാഷകനായി ഫാ. ഡോ. ജോസഫ് വർഗീസിന് ക്ഷണം; സമ്മേളനം ഒക്ടോബർ 24, 25 തീയതികളിൽ



ജോർജ് തുമ്പയിൽ

ന്യൂയോർക്ക്: പാക്കിസ്താനിലെ ലാഹോറിൽ നടക്കുന്ന ലോക മതങ്ങളെക്കുറിച്ച ഒമ്പതാമത് അന്താരാഷ്ട്ര സമ്മേളനത്തിൽ മുഖ്യ പ്രഭാഷകനായി പങ്കെടുക്കാൻ (ICWR-2026) ഫാ. ഡോ. ജോസഫ് വർഗീസിനെ ക്ഷണിച്ചു. ന്യൂയോർക്ക് റോക്ക്‌ലൻഡ് ഹോളി സോഫിയ കോപ്റ്റിക് സ്കൂൾ ഓഫ് തിയോളജിയിലെ ലിറ്റർജിക്കൽ സ്റ്റഡീസ് അഡ്ജങ്ക്ട് പ്രൊഫസറാണ് ഫാ.ഡോ. ജോസഫ് വർഗീസ്.

'മുറിവേറ്റ ലോകത്തിന് സൗഖ്യം: മതപരമായ ഉത്തരവാദിത്തവും ഐക്യദാർഢ്യവും പ്രവർത്തനവും' ('Healing a Wounded World: Religious Responsibility, Solidarity and Action') എന്നതാണ് ഈ വർഷത്തെ സമ്മേളനത്തിന്റെ മുഖ്യ പ്രമേയം.

ഒക്ടോബർ 24, 25 തീയതികളിലാണ് അന്താരാഷ്ട്ര കോൺഫറൻസ് നടക്കുന്നത്. വ്യത്യസ്ത മതങ്ങളുടെ തിയോളജി സംബന്ധിച്ച ഗവേഷണവും സംഭാഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും ആഗോള സമാധാന അന്തരീക്ഷം ശക്തമാക്കുന്നതിനുമായി വിവിധ മതങ്ങളെ പ്രതിനിധീകരിക്കുന്ന പ്രമുഖ പണ്ഡിതരെയും ഗവേഷകരെയും അണിനിരത്തിയാണ് മിൻഹാജ് യൂണിവേഴ്സിറ്റിയിലെ 'സ്കൂൾ ഓഫ് റിലീജിയൻ ആൻഡ് ഫിലോസഫി' വർഷം തോറും ഈ സമ്മേളനം സംഘടിപ്പിച്ചു വരുന്നത്. കോൺഫറൻസിൽ അതിഥിയായി പങ്കെടുത്ത് പ്രഭാഷണം നടത്തുന്നതിനായി ഫാ. ഡോ.ജോസഫ് വർഗീസിന്റെ പങ്കാളിത്തം അറിയിക്കണമെന്ന് സർവ്വകലാശാല രജിസ്ട്രാറും കോൺഫറൻസ് കൺവീനറുമായ പ്രൊഫ. ഡോ. ഖുറം ഷഹ്സാദ് കത്തിലൂടെ ആവശ്യപ്പെട്ടു.

ഫാ. ഡോ. ജോസഫ് വർഗീസ് ലോകമെങ്ങുമുള്ള മതാന്തര പ്രവർത്തനങ്ങൾക്ക് നൽകിയ മികച്ച സംഭാവനകളും അദ്ദേഹത്തിന്റെ യുഎസ്എയിലെ നാഷണൽ കൗൺസിൽ ഓഫ് ചർച്ച് പ്രവർത്തനങ്ങളും പരിഗണിച്ചാണ് ഈ അംഗീകാരം.

പ്രശസ്ത ഇസ്ലാമിക സർവകലാശാലയായ മിൻഹാജ് സർവകലാശാല പാക്കിസ്താനിലെ ഉന്നത പഠനത്തിനുള്ള മുൻനിര വിദ്യാഭ്യാസ സ്ഥാപനമായി അംഗീകരിക്കപ്പെടുന്നു. മതാന്തര തലത്തിലുള്ള പ്രവർത്തനങ്ങളുടെയും മതതീവ്രവാദത്തിനെതിരായ ശക്തമായ നിലപാടുകളുടെയും പേരിൽ സർവകലാശാല പ്രശസ്തമാണ് . ഷെയ്ഖ് ഉൽ ഇസ്ലാമും പ്രൊഫ. ഡോ. മുഹമ്മദ് താഹിർ-ഉൽ-ഖാദ്രിയും ചേർന്ന് 1986 ൽ സ്ഥാപിച്ച മിൻഹാജ് യൂണിവേഴ്സിറ്റി ലാഹോർ (എം യുഎൽ) സർക്കാർ ചാർട്ടേർഡ് സ്ഥാപനമാണ്, പാക്കിസ്താൻ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ സർവകലാശാലയ്ക്ക് മികച്ച വിഭാഗത്തിൽ സ്ഥാനം നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള 36 അക്കാദമിക് സ്കൂളുകൾക്കും പതിനൊന്ന് ഫാക്കൽറ്റികൾക്കും കീഴിൽ അണ്ടർ ഗ്രാജ്വേറ്റ്, ഗ്രാജ്വേറ്റ്, ഡോക്ടറൽ പ്രോഗ്രാമുകളിലായി 15000ലേറെ വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.

മതപരമായ ബഹുസ്വരതയും ലോക സമാധാനവും (2017), ലോക മതങ്ങളുടെ സാമൂഹിക ഉത്തരവാദിത്തം (2018), ശാസ്ത്രം, കാരണം, മതം (2019), ആത്മീയതയും മതവും (2021 ൽ- വെർച്വൽ), മതപരമായ വ്യത്യാസങ്ങൾ; മതാന്തര സംഭാഷണത്തിനുള്ള പുതിയ സാധ്യതകൾ (2022), ഉത്തരാധുനിക ലോകത്തിലെ മതങ്ങൾ-കാഴ്ചപ്പാടുകളും വെല്ലുവിളികളും (2023), മതത്തിന്റെ പേരിലുള്ള രാഷ്ട്രീയവും അക്രമവും (2024), 'തീവ്രവാദത്തെ അതിന്റെ വേരുകളിൽ തടയുക, പ്രതിരോധശേഷിയുള്ള സമൂഹങ്ങൾ കെട്ടിപ്പടുക്കുക' (2025) എന്നിവയായിരുന്നു മുൻ കോൺഫറൻസുകളുടെ വിഷയങ്ങൾ.

സമാധാന ദൗത്യ യാത്രകളിലൂടെ ശ്രദ്ധിക്കപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ടവർക്കു വേണ്ടി സംസാരിക്കുന്ന ഫാ. ഡോ. ജോസഫ് വർഗീസ് ആത്മീയ പാതകളിലെ അനുകരണീയ വ്യക്തിത്വമാണ്. മതങ്ങൾ തമ്മിലും വ്യത്യസ്ത മത പാരമ്പര്യങ്ങൾക്കിടയിലും വിവിധ തലങ്ങളിൽ ക്രിയാത്മക ഇടപെടലുകൾക്കും സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ജോസഫ് വർഗീസ് അച്ചൻ മലയാളികൾക്ക് സുപരിചിതനാണ്. നിലപാടുകളിലെ വ്യതിരിക്തത ഈ വൈദികന്റെ പ്രവർത്തന വഴികളെ വേറിട്ടതാക്കുന്നു.



അന്ത്യോഖ്യ സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ അമേരിക്കയിലെ മലങ്കര ആർച്ച് ഡയോസിസിലെ വൈദികനാണ് പത്തനംതിട്ട സ്വദേശിയായ ഫാ.ഡോ. ജോസഫ് വർഗീസ്. ഹോളി സോഫിയ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ ആരാധനക്രമ പഠനത്തിന്റെ പ്രൊഫസറായും ന്യൂയോർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് ടോളറൻസിന്റെ (IRFT-New York), എക്സിക്യൂട്ടീവ് ഡയറക്ടറായും ഫാ. ജോസഫ് വർഗീസ് സേവനമനുഷ്ഠിക്കുന്നു. ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് സമാധാനത്തിനായുള്ള മതങ്ങളുടെ എക്സിക്യൂട്ടീവ് കൗൺസിൽ (RFP-USA) അംഗമായും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് യുഎസ്എയുടെ ഇന്റർ റിലീജിയസ് ഡയലോഗു (NCC-USA) കളുടെ കോ കൺവീനറായും പ്രവർത്തിക്കുന്നു. മുപ്പത്തി ഏഴ് അംഗ കൂട്ടായ്മകളെയും 30 ദശലക്ഷത്തിലധികം ക്രിസ്ത്യാനികളെയും പ്രതിനിധീകരിക്കുന്ന യുഎസിലെ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ 2010 മുതലുള്ള മതാന്തര സംവാദങ്ങളുടെ കൺവീനിങ് ടേബിളിന്റെ കോ കൺവീനറുമാണ് ഫാ. ഡോ.ജോസഫ് വർഗീസ്.

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



**Allstate®**

You're in good hands.

CALL

**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

# നൃത്തവേദിയിൽ വിസ്മയമായി നന്ദിത ശരത്തിന്റെ ഭരതനാട്യം അരങ്ങേറ്റം



സണ്ണി മാളിയേക്കൽ
ഡാളസ്, ടെക്സസ്.

ഡാളസ്, ടെക്സസ്: കലയിലും കായികരംഗത്തും മികവ് തെളിയിച്ച നന്ദിത ശരത്തിന്റെ അരങ്ങേറ്റം അതിമനോഹരമായി, ലൂയിസ് വിൽ ഗ്രാൻഡ് തീയേറ്ററിൽ പ്രൗഢഗംഭീരമായ സദസ്സിന് മുമ്പിൽ അരങ്ങേറി. അഞ്ചാം വയസ്സിൽ ശ്രീമതി ശ്രീ ലക്ഷ്മണന്റെ കീഴിൽ ഭരതനാട്യം അഭ്യസിച്ചു തുടങ്ങിയ നന്ദിത, കഴിഞ്ഞ 11 വർഷമായി ശ്രീമതി മിനി ശ്യാമിന്റെ കീഴിലാണ് നൃത്തപഠനം തുടരുന്നത്.



'ശ്രീ സ്കൂൾ ഓഫ് ഡാൻസി'ലൂടെ നോർത്ത് ടെക്സാസിലെ വിവിധ സാംസ്കാരിക സംഘടനകൾക്കും ചാരിറ്റി പ്രവർത്തനങ്ങൾക്കും പിന്തുണയേകി വർഷം തോറും നടക്കാറുള്ള നൃത്തോത്സവങ്ങളിൽ നന്ദിത സജീവമായി പങ്കെടുക്കാറുണ്ട്.

ഭരതനാട്യം തന്റെ മതപരമായ പൈതൃകത്തെക്കുറിച്ച് ആഴത്തിലുള്ള അറിവ് നൽകാനും ആത്മീയബോധം വളർത്താനും സഹായിച്ചതായി നന്ദിത പറയുന്നു.

നൃത്തത്തിന് പുറമെ, പ്രൈമറി സ്കൂൾ കാലഘട്ടം മുതൽ എയർ റൈഫിൾ ഷൂട്ടിംഗിൽ പരിശീലനം നേടുന്ന നന്ദിത നിരവധി ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ഒരു മികച്ച കായികതാരം കൂടിയാണ്. കൂടാതെ പ്രഗത്ഭയായ ഒരു ഡ്രമ്മറും പരിസ്ഥിതി പ്രവർത്തകയുമാണ്.

2024 മുതൽ 'കീപ്പ് ടെക്സാസ് ബ്യൂട്ടിഫുൾ' (Keep Texas Beautiful) അംബാസഡറായി സേവനമനുഷ്ഠിക്കുന്ന നന്ദിത, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട നിരവധി സാമൂഹിക മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

പ്ലാനോ ഈസ്റ്റ് സീനിയർ ഹൈസ്കൂളിൽ (Plano East Senior High School) നിന്ന് ഉയർന്ന മാർക്കോടെ (Summa Cum Laude) ഉന്നതവിജയം കരസ്ഥമാക്കിയ നന്ദിത, കെമിക്കൽ എഞ്ചിനീയറിംഗ് ഉപരിപഠനത്തിനായി ഓസ്റ്റിനിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്സാസിലേക്ക് (The University of Texas at Austin) പ്രവേശനം നേടിയിരിക്കുകയാണ്. ശരത്, ഗാഥ ദമ്പതികളുടെ മകളാണ് നന്ദിത ശരത്.




MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഓണാഘോഷത്തിന് ഡോ. എം.വി. പിള്ള മുഖ്യാതിഥി




**സുമോദ് തോമസ് നെല്ലിക്കാല ഫിലാഡൽഫിയ**

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ വിപുലമായ ഓണാഘോഷം ആഗസ്റ്റ് 22-ന് ശനിയാഴ്ച ഫിലാഡൽഫിയയിലെ കാൻസ്റ്റാറ്റർ വോൾക്സ്ഫെസ്റ്റ് വെറൈൻ (Cannstatter), 9130 Academy Road, Philadelphia, PA 19114 ഓഡിറ്റോറിയത്തിൽ അതിഗംഭീരമായി സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

ഈ വർഷത്തെ ഓണാഘോഷത്തിന്റെ മുഖ്യ

ആഘോഷകനായി (Chief Celebrant) പ്രമുഖ കാൻസർ വിദഗ്ധനും ഹീമറ്റോളജിസ്റ്റു മായ ഡോ. മാധവൻ വി. പിള്ള (ഡോ. എം.വി. പിള്ള) പങ്കെടുക്കും.

ലോകമെമ്പാടും ശ്രദ്ധേയ നായ മെഡിക്കൽ ഓങ്കോള ജിസ്റ്റും ഹീമറ്റോളജിസ്റ്റുമായ അദ്ദേഹം തോമസ് ജെഫേഴ്‌സൺ യൂണിവേഴ്‌സിറ്റിയുടെ സിഡ്നി കിമ്മൽ മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ പ്രൊഫസറായും, ഇന്റർനാഷണൽ നെറ്റ്‌വർക്ക് ഫോർ കാൻസർ ട്രീറ്റ്മെന്റ് ആൻഡ് റിസർച്ച് -ന്റെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചുവരുന്നു. വൈദ്യശാസ്ത്ര രംഗത്തെ അദ്ദേഹത്തിന്റെ ദീർഘകാല സേവനവും സമൂഹത്തോടുള്ള പ്രതിബദ്ധതയും മലയാളി സമൂഹത്തിന് അഭിമാനകരമാണ്.

പ്രശസ്ത സിനിമാനടി മല്ലികാ സുകുമാരന്റെ സഹോദരനായ ഡോ എം വി പിള്ളയുടെ പങ്കാളിത്തം ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന് തികച്ചും അഭിമാനകരമെന്ന് വൈസ് ചെയർമാൻ വിൻസെന്റ് ഇമ്മാനുവേൽ അറിയിച്ചു.

കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവും പുതു തലമുറയ്ക്ക് പകർന്നുനൽകുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന 'വന്നോണം പൊന്നോണം' എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ഈ വർഷത്തെ ഓണാഘോഷത്തിൽ വൈവിധ്യമാർന്ന കലാപരിപാടികളാണ് അണിനിരക്കുന്നത്.

മലയാളികളുടെ പ്രിയപ്പെട്ട പിന്നണി ഗായകൻ ബിജു നാരായണനും സംഘവും അവതരിപ്പിക്കുന്ന ഗാനമേളയാണ് പ്രധാന ആകർഷണം. അദ്ദേഹത്തിന്റെ ഹൃദയസ്പർശിയായ ഗാനങ്ങൾ ഓണാഘോഷത്തിന് സംഗീതവിരുന്നായി മാറുമെന്നാണ് പ്രതീക്ഷ എന്ന് സംഘടനയുടെ ചെയർമാനായ ശ്രീ. ലെനോ സ്കറിയ ജനറൽ സെക്രട്ടറി ശ്രീ. ജോബി ജോർജ്, ട്രഷറർ ശ്രീ. രാജൻ സാമുവൽ എന്നിവർ അഭിപ്രായപ്പെടുകയുണ്ടായി.

കൂടാതെ, മാതാ ഡാൻസ് അക്കാദമിയുടെ നേതൃത്വത്തിൽ നൂറുകണക്കിന് വനിതകൾ അണിനിരക്കുന്ന മെഗാ തിരുവാതിര ഈ വർഷത്തെ ആഘോഷത്തിന്റെ മറ്റൊരു പ്രധാന ഹൈലൈറ്റായിരിക്കും. കേരളത്തിന്റെ തനത് കലാരൂപമായ തിരുവാതിരയെ അതിന്റെ ഭംഗിയും ചാരുതയും നിലനിർത്തി അവതരിപ്പിക്കുന്നതിനായി ഇതിനകം തന്നെ പരിശീലനങ്ങൾ പുരോഗമിക്കുകയാണെന്ന് സംഘാടകർ അറിയിച്ചു.

ഇതിനുപുറമെ ഓണസദ്യ, ചെണ്ടമേളം, പഞ്ചവാദ്യം, കുട്ടികളുടെയും യുവജനങ്ങളുടെയും കലാപരിപാടികൾ, നൃത്താവിഷ്കാരങ്ങൾ, നാടൻ കലാരൂപങ്ങൾ, വിവിധ മത്സരങ്ങൾ, എന്നിവയും ആഘോഷത്തിന്റെ ഭാഗമായി നടക്കും.

പെൻസിൽവാനിയ, ന്യൂജേഴ്സി, ഡെലവെയർ എന്നീ സംസ്ഥാനങ്ങളിലെ പതിനഞ്ചോളം മലയാളി സംഘടനകളെ ഏകോപിപ്പിക്കുന്ന ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന ഓണാഘോഷം മലയാളികളുടെ ഏറ്റവും വലിയ സാംസ്കാരിക സംഗമങ്ങളിലൊന്നായി മാറിയിട്ടുണ്ട്. വിവിധ മത, രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ പ്രമുഖരും വിശിഷ്ടാതിഥികളും ചടങ്ങിൽ പങ്കെടുക്കും.

മലയാളികളുടെ ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും ആഘോഷമായി മാറുന്ന ഈ വർഷത്തെ ട്രൈസ്റ്റേറ്റ് കേരള ഫോറം ഓണാഘോഷത്തിലേക്ക് എല്ലാ മലയാളി കുടുംബങ്ങളെയും സംഘാടകർ ഹാർദ്ദവമായി സ്വാഗതം ചെയ്തു.

# 'കല്ലറയിലായിരുന്നവർ സുവിശേഷങ്ങളുടെ കലവറയാകണം':

## ഇന്റർനാഷണൽ പ്രാർത്ഥനാലൈൻ യോഗത്തിൽ റവ. റോബിൻ വർഗീസ്



പി. പി. ചെറിയാൻ

ഡാളസ്: ആധുനിക മനുഷ്യൻ നേരിടുന്ന മാനസിക സംഘർഷങ്ങൾക്കും ഭയങ്ങൾക്കും ഏക പരിഹാരം ദൈവവിശ്വാസവും പ്രാർത്ഥനയുമാണെന്ന് ഓർമ്മിപ്പിച്ചു കൊണ്ട് പ്രവാസി മലയാളി ക്രൈസ്തവരുടെ ആഗോള കൂട്ടായ്മയായ ഇന്റർനാഷണൽ പ്രാർത്ഥനാലൈന്റെ (IPL) 633-ാമത് ഓൺലൈൻ പ്രാർത്ഥനാ യോഗം ജൂൺ 30 ചൊവ്വാഴ്ച വിജയകരമായി നടന്നു.

അമേരിക്കൻ സമയം രാത്രി 9:00 മണിക്ക് ആരംഭിച്ച യോഗത്തിൽ ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള നൂറുകണക്കിന് വിശ്വാസികളാണ് ഫോൺ ലൈൻ വഴി പങ്കെടുത്തത്. ‘ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം’ എന്ന വിഷയത്തെ ആസ്പദമാക്കി ഡാളസ് സെഹിയോൻ മാർത്തോമാ ചർച്ച് വികാരി റവ. റോബിൻ വർഗീസ് മുഖ്യ ദൈവവചന സന്ദേശം നൽകി.

ബൈബിളിലെ മർക്കോസിന്റെ സുവിശേഷം അഞ്ചാം അധ്യായം 1 മുതൽ 20 വരെയുള്ള വാക്യങ്ങളിലെ ‘ഭൂതഗ്രസ്തന്റെ സൗഖ്യമാക്കൽ’ എന്ന സംഭവം ആസ്പദമാക്കിയായിരുന്നു മുഖ്യപ്രഭാഷണം. സമകാലിക ജീവിത സാഹചര്യങ്ങളെ വിശ്വാസവുമായി കോർത്തിണക്കി റവ. റോബിൻ വർഗീസ് നടത്തിയ പ്രഭാഷണം ഏറെ ശ്രദ്ധേയമായി.

ഭയത്തിന്റെയും ഒറ്റപ്പെടലിന്റെയും കല്ലറകളിൽ നിന്ന് മാറി മനുഷ്യൻ ദൈവവചനത്തിന്റെ സുവിശേഷ കലവറയാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ദുരന്തങ്ങളും രോഗങ്ങളും നിറഞ്ഞ ഈ കാലഘട്ടത്തിൽ ദൈവകരുണയിലാണ് ആശ്രയിക്കേണ്ടതെന്നും, കേവല ആവശ്യങ്ങൾക്കപ്പുറം ദൈവത്തോട് കൂടെയായിരിക്കാനുള്ള ആഗ്രഹമാകണം പ്രാർത്ഥനയെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ആവശ്യങ്ങൾ സമർപ്പിക്കൽ, കരുണയ്ക്കായുള്ള അപേക്ഷ, ദൈവത്തോടൊപ്പം ജീവിക്കാനുള്ള ആഗ്രഹം എന്നീ പ്രാർത്ഥനയുടെ മൂന്ന് തലങ്ങളെക്കുറിച്ചും, കുടുംബങ്ങളിൽ ദൈവസാന്നിധ്യം നിലനിർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും പങ്കുവെച്ചുകൊണ്ടാണ് അദ്ദേഹം സന്ദേശം അവസാനിപ്പിച്ചത്.

ഡെട്രോയിറ്റിൽ നിന്നുള്ള ഐ.പി.എൽ കോർഡിനേറ്റർ സി. വി. സാമുവൽ ആമുഖ പ്രസംഗം നടത്തുകയും യോഗത്തിലേക്ക് ഏവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയും ചെയ്തു. തുടർന്ന് ഡാളസിൽ നിന്നുള്ള ചെറിയാൻ വർക്കിയുടെ ആരംഭ പ്രാർത്ഥനയോടെയാണ് സമ്മേളനം ഔദ്യോഗികമായി ആരംഭിച്ചത്. മിസിസ് സാറാമ്മ വർക്കി (കുഞ്ഞുമോൾ, ഡാളസ്) വേദഭാഗം വായിച്ചു. മുഖ്യസന്ദേശത്തിന് ശേഷം നടന്ന മധ്യസ്ഥ പ്രാർത്ഥനയ്ക്ക് മിസ്റ്റർ ജോൺ മാത്യു (അമ്പോറ്റി, ഡാളസ്) നേതൃത്വം നൽകി. ലോക സമാധാനത്തിനും രോഗാതുരർക്കും ക്ലേശമനുഭവിക്കുന്നവർക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ യോഗത്തിൽ ഉയർന്നു.

ഹൂസ്റ്റണിൽ നിന്നുള്ള മിസ്റ്റർ ഷിജു ജോർജ്, മിസ്റ്റർ ജോസഫ് ടി. ജോർജ് (രാജു) എന്നിവർ പ്രാർത്ഥനാലൈന്റെ സാങ്കേതിക സഹായങ്ങൾ കൈകാര്യം ചെയ്തു. ഹൂസ്റ്റണിൽ നിന്നുള്ള ഐ.പി.എൽ കോർഡിനേറ്റർ ടി. എ. മാത്യു യോഗത്തിൽ പങ്കെടുത്തവർക്കും ക്രമീകരണങ്ങൾ ചെയ്തവർക്കും നന്ദി രേഖപ്പെടുത്തുകയും വരാനിരിക്കുന്ന പ്രോഗ്രാമുകളെക്കുറിച്ചുള്ള അറിയിപ്പുകൾ പങ്കുവെക്കുകയും ചെയ്തു. സമാപന പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി ഈ ആഴ്ചയിലെ സമ്മേളനം പരിസമാപ്തിയിലെത്തി.

പ്രാർത്ഥനാലൈന്റെ അടുത്ത ആഴ്ചയിലെ (ജൂലൈ 7, 2026) 634-ാമത് സെഷനിൽ ഫിലാഡൽഫിയയിൽ നിന്നുള്ള പ്രമുഖ പ്രഭാഷകൻ പ്രൊഫ. കോശി തലക്കൽ മുഖ്യസന്ദേശം നൽകും. പ്രാർത്ഥനാലൈനിലേക്ക് ഏവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നതായി കോർഡിനേറ്റർമാർ അറിയിച്ചു.



Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# ഹൂസ്റ്റണിൽ സീനിയർ മിനിസ്ട്രിയുടെ സമ്മർ ആഘോഷം



ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിലെ സീനിയർ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഹൂസ്റ്റണിലെ പ്രശസ്തമായ ഹെർമൻ പാർക്കിൽ വെച്ച് വിപുലമായ രീതിയിൽ സമ്മർ ആഘോഷം നടത്തി.

മുതിർന്നവർക്കായി സംഘടിപ്പിച്ച ഈ ഒത്തുചേരൽ ഏറെ ആനന്ദകരവും അവിസ്മരണീയവുമായിരുന്നു. ആഘോഷങ്ങളുടെ ഭാഗമായി പാർക്കിലൂടെയുള്ള മനോഹരമായ ട്രെയിൻ യാത്രയും വിവിധ തരത്തിലുള്ള വിനോദ പരിപാടികളും അംഗങ്ങൾക്കായി ഒരുക്കിയിരുന്നു. തുടർന്ന് വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും ഉണ്ടായിരുന്നു.

ചടങ്ങുകൾക്ക് സീനിയർ മിനിസ്ട്രിയുടെ ഭാരവാഹികളോടൊപ്പം വികാരി ഫാ. ഏബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ, സിസ്റ്റർ റെജി S.J.C., ബിബി തെക്കനാട്ട് എന്നിവർ നേതൃത്വം നല്കി.

സെന്റ് മേരീസ് ഇടവകയിലെ സീനിയർ മിനിസ്ട്രി ഏറെ സജീവമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. എല്ലാ ബുധനാഴ്ചകളിലും പള്ളിയിൽ വെച്ച് ഈ കൂട്ടായ്മയിലെ അംഗങ്ങൾ ഒത്തുചേരാറുണ്ട്. ഈ ദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ പങ്കുചേരുകയും, ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ, മുതിർന്നവരുടെ ശാരീരിക-മാനസിക ആരോഗ്യത്തിനായി വിവിധ വിനോദ

ങ്ങൾ, ചർച്ചകൾ, ലഘു വ്യായാമങ്ങൾ എന്നിവയും ഇതോടൊപ്പം നടത്തിവരുന്നു. ഒടുവിൽ ഒന്നിച്ച് ഉച്ചഭക്ഷണവും കഴിച്ചാണ് ഇവർ പിരിയുന്നത്.

ആത്മീയവും സാമൂഹികവുമായ ഈ പ്രവർത്തനങ്ങൾക്ക് പുറമേ, എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബാനയ്ക്ക് ശേഷം ഇടവകാംഗങ്ങൾക്കായി പ്രഭാതഭക്ഷണം ഒരുക്കി നൽകുന്നതിനും ഈ സീനിയർ മിനിസ്ട്രി നേതൃത്വം നൽകുന്നുണ്ട്. ഇടവക സമൂഹത്തിന് വലിയ മാതൃകയാണ് ഈ മുതിർന്നവരുടെ കൂട്ടായ്മ നൽകുന്നത്.










#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123



pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us